

ഇവിടെ ബോധവൽക്കരണം അത്യാവശ്യം

സന്തോഷ് പന്തളം



മാതാപിതാക്കളുടെ അകമഴിഞ്ഞ വാത്സല്യം

മെർളിൻ ഷേർളി സന്തോഷ്



The Kingdom of Jesus

Duglas Joseph



മുഖാമുഖം: വർഗ്ഗീസ് വെട്ടത്ത്


Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

SCAN TO READ ONLINE

10 നവംബർ 2017

Volume No.3 • Issue No. 11 • Pages 8 • Price: INR 10/- • Published From Pathanamthitta • www.landwaynews.com • Mail: landwaynews@gmail.com • Call: 9447440441


## ലാന്റ്‌വേ സാഹിത്യ അവാർഡ് 2018 ലേക്ക് ലേഖനങ്ങൾ ക്ഷണിക്കുന്നു

ലാന്റ്‌വേ സാഹിത്യ അവാർഡ് 2018 ലേക്ക് ലേഖനങ്ങൾ ക്ഷണിക്കുന്നു. 'സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ' എന്നതാണ് വിഷയം. ലേഖനം അയയ്ക്കേണ്ട അവസാന തീയതി 2017 ഡിസംബർ 31 വരെ മാത്രം. ഈ തീയതിക്കു ശേഷം ലഭിക്കുന്ന ലേഖനങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. സുവിശേഷ വീക്ഷണത്തിൽ നിന്നുകൊണ്ട് ഏത് കാഴ്ച്ചപ്പാടിലും ലേഖനം എഴുതാവുന്നതാണ്. ഇംഗ്ലീഷിലും മലയാളത്തിലും ലേഖനം എഴുതുവാനുള്ള അവസരം ഉണ്ടായിരിക്കും. A4 പേപ്പറിന്റെ ഒരു പുറത്ത് മാത്രമേ ലേഖനം എഴുതാൻ പാടുള്ളു. നാല് പേജുകളിൽ കൂടുതൽ എഴുതുവാൻ പാടില്ല. ഇതിൽ കാണിച്ചിട്ടുള്ള സ്റ്റാമ്പ് വെട്ടിയെടുത്ത് അല്ലെങ്കിൽ കോപ്പിയെടുത്ത് അയയ്ക്കുന്ന കവറിന് പുറത്ത് ഒട്ടിച്ചിരിക്കണം. ഈമെയിൽ അയയ്ക്കുന്നവർ മുകളിൽ സ്റ്റാമ്പ് സ്കാൻ ചെയ്തുകൊടുത്തിരിക്കണം. നിബന്ധനകൾ പാലിക്കാത്ത ലേഖനങ്ങൾ പരിഗണിക്കുന്നതല്ല. ആദ്യത്തെ 3 പേർക്ക് ക്യാഷ് പ്രൈസും മൊമെന്റോയും സർട്ടിഫിക്കറ്റും ലഭിക്കും. മറ്റുള്ളവർക്ക് സർട്ടിഫിക്കറ്റും ലഭിക്കും. വിജയികളെ പ്രഖ്യാപിക്കുന്നതിനുള്ള അന്തിമ തീരുമാനം ലാന്റ്‌വേ ന്യൂസിന് മാത്രമായിരിക്കും

**മൽസരത്തിന് ലേഖനങ്ങൾ അയയ്ക്കുമ്പോൾ കവറിന് പുറത്ത് വൃത്താകൃതിയിലുള്ള ഈ ചിത്രം വെട്ടിയൊട്ടിക്കാൻ മറക്കരുത്...!**

LANDWAY SAHITHYA AWARD 2017

## ബാംഗ്ലൂർ ഐക്യ കൺവൻഷൻ സമാപിച്ചു



ബംഗളുരു: ബാംഗ്ലൂരിലെ വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലെ വിശ്വാസികൾ ചേർന്ന് എബനേസർ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 1 വരെ കൊത്തന്നൂർ എബനേസർ ആഡിറ്റോറിയത്തിൽ നടത്തി.

അനീതി നിറഞ്ഞ ലോകത്തിൽ സമാധാനത്തിന്റെ സന്ദേശവാഹകരാകുവാൻ ദൈവമക്കൾക്ക് കഴിയണമെന്ന് പാസ്റ്റർ സാം ജോർജ്ജ് പറഞ്ഞു. 'സഭകളിൽ ഇന്ന് ഐക്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും' ആയതിനാൽ വിശ്വാസികൾ കൂടുതൽ പ്രാർത്ഥനാജീവിതം നയിക്കുവാൻ ഒരുങ്ങണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. നാലു ദിവസം നടന്ന കൺവൻഷനിൽ പാസ്റ്റർമാരായ ബാബു ചെറിയാൻ, ബെന്നിസൺ മത്തായി, എം. കുഞ്ഞപ്പി, ഐ.പി.സി ദേശീയ സെക്രട്ടറി റവ. ഡോ. കെ.സി. ജോൺ, സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് സെക്രട്ടറി പാസ്റ്റർ കെ.ജെ. മാത്യു എന്നിവർ പ്രസംഗിച്ചു. വിവിധ പെന്തെക്കോസ്ത് സഭകളെ പ്രതിനിധീകരിച്ച് പാസ്റ്റർമാരായ റ്റി.ഡി. തോമസ്, എം. കുഞ്ഞപ്പി, കെ.എസ്. ജോസഫ്, ക്രൈസ്തവ പത്രങ്ങളെ പ്രതിനിധീകരിച്ച് ബ്രദർ ചാക്കോ കെ. തോമസ് എന്നിവർ ആശംസകൾ അറിയിച്ചു.

വിവിധ ഭാഷകളിൽ ബി.യു.സി ക്വയർ ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർമാരായ ഇ.ജെ. ജോൺസൺ, ബിജു ജോൺ, ജേക്കബ് ഫിലിപ്പ്, ജോസഫ് ജോൺ, ഏബ്രഹാം മാത്യു എന്നിവർ കൺവെൻഷനിൽ അദ്ധ്യക്ഷന്മാരായിരുന്നു. ജനറൽ കൺവീനർ റവ. ഡോ. എൻ.കെ. ജോർജ്ജ്, പാസ്റ്റർ ജോസ് മാത്യു (ജോയിന്റ് കൺവീനർ), ബ്രദർ ജോയ് പാപ്പച്ചൻ, ബെൻസൺ ചാക്കോ എന്നിവർ കൺവൻഷന് നേതൃത്വം നൽകി.

## അമേരിക്കയിലെ വരിക്കാർക്ക്



ലാന്റ്‌വേ ന്യൂസിന്റെ അമേരിക്കയിലെ പഴയ വരിക്കാർക്കും പുതിയ വരിക്കാർക്കും വാർഷിക വരിസംഖ്യ, പരസ്യം, വിവാഹപരസ്യം, വാർത്തകൾ, ലേഖനങ്ങൾ എന്നിവ സംബന്ധമായ എല്ലാ കാര്യങ്ങൾക്കും ഞങ്ങളുടെ പ്രതിനിധി മിസ്റ്റർ അവിനാഷ് തങ്കച്ചനുമായി ബന്ധപ്പെടുക:

ഫോൺ: +1 732 40 72525

email: avinash955@gmail.com

## മലബാറിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സംഗമമായ ഐ.പി.സി.മലബാർ മേഖല കൺവൻഷൻ

2017 നവംബർ 15 ബുധൻ മുതൽ 19 ഞായർ വരെ നിലമ്പൂർ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ സെമിനാരി ഗ്രൗണ്ടിൽ നടക്കും. 15 ന് ബുധനാഴ്ച വൈകിട്ട് 6.30ന് പാസ്റ്റർ വി.ജെ.ജോർജ് ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ വിൽസൺ ജോസഫ്, ഷിബു നെടുവേലിൽ, രാജു പൂവക്കാല, ഫിലിപ്പ് പി.തോമസ്, ജോൺ ജോർജ്, ശമുവേൽ ജോൺ, സ്റ്റാൻലി ദാനിയേൽ, വർഗീസ് ഏബ്രഹാം, കെ.എ.എബ്രഹാം, കെ.എം ജോർജ് എന്നിവർ രാത്രി യോഗങ്ങളിലും വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് നടക്കുന്ന സോദരി സമ്മേളനത്തിൽ സിസ്റ്റർ സൂസൺ തോമസ്, ശനിയാഴ്ച പകൽ യുവജന സമ്മേളനത്തിൽ പാസ്റ്റർ വി. പി. ഫിലിപ്പ് എന്നിവരും പ്രസംഗിക്കും. എല്ലാ ദിവസവും പകൽ ശുശ്രഷകാ സമ്മേളനം, പവർ കോൺഫറൻസ് എന്നിവയും നടക്കും. ഞായറാഴ്ച നടക്കുന്ന സംയുക്താരാധനയിൽ തിരുവത്താഴ ശുശ്രൂഷയും നടക്കും. പത്തനാപുരം ശാലേം വോയിസ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. പാസ്റ്റർ ജോൺ ജോർജ് (പ്രസിഡന്റ്), പാസ്റ്റർ ബിജോയ് കുര്യാക്കോസ്(സെക്രട്ടറി), ജോർജ് തോമസ് (ട്രഷറാർ), പാസ്റ്റർ കെ.സി. ഉമ്മൻ (ജന. കോഡിനേറ്റർ) എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് നേതൃത്വം നല്കുന്നത്. ഐ.പി.സി മലബാർ മേഖലയുടെ കീഴിൽ 30 സെന്ററുകളിലായി 534 സഭകളാണ് ഉള്ളത്.

## ഗോൺസിൽ കോൺഫറൻസ് അവസാനിച്ചു

2017 സെപ്റ്റംബർ 12 മുതൽ 15 വരെ ദക്ഷിണാഫ്രിക്കയിൽ ടർബൻ പട്ടണത്തിൽ വച്ചുനടന്ന ഗോൺസിൽ കോൺഫറൻസ് വലിയ വിജയമായി. ഫീനിക്സ്, ചാറ്റ്സ്വാർത് എന്നീ രണ്ടു പ്രമുഖ ഇന്ത്യൻ കോളനി കളിൽ വെച്ചാണ് കോൺഫറൻസ് നടന്നത്. ഒരേ സമയം രണ്ടു സ്ഥലങ്ങളിലും മീറ്റിംഗുകൾ ഉണ്ടായിരുന്നു. രാത്രി യോഗങ്ങളിൽ ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുത്തു. പകൽ മീറ്റിംഗുകളിൽ 800- ൽ അധികം ഡെലിഗേറ്റുകൾ പങ്കെടുത്തു.

ഡോ. പോൾ തങ്കയ്യാ (ഇന്ത്യ), ഡോ. സണ്ണി ഫിലിപ്പ്, ഡോ. റിക്ക് കിങ്ഹാം, ഡോ.ഓവൻ വെസ്റ്റൻ, ഡോ. മോനിസ് ജോർജ്ജ് (യു.എസ്.എ) പാസ്റ്റർ ജെയിം ജോൺ (കാനഡ) പാസ്റ്റർ ലിനു തോമസ് (യു.എ.ഇ), സിസ്റ്റർ മേഴ്സി ഫിലിപ്പ്, സിസ്റ്റർ പദ്മ മുതലിയാർ തുടങ്ങിയവർ പ്രസംഗിച്ചു.

ലോകമെമ്പാടും ചിതറിക്കിടക്കുന്ന ഇന്ത്യൻ വംശജരുടെ ഇടയിൽ പ്രവർത്തിക്കുന്ന ദൈവദാസന്മാർക്കായി ഡോ. സണ്ണി ഫിലിപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണ് ഗോൺസിൽ. ഒരു അന്തർദേശീയ ബോർഡ് ഇതിന് നേതൃത്വം നൽകുന്നു. ഈ കോൺഫറൻസിൽ യൗവനക്കാരായ ദൈവദാസന്മാരുടെ രണ്ടാം നിര നേതൃത്വത്തെയും തിരഞ്ഞെടുത്തു.

## വജ്രജൂബിലി ജനറൽ ക്യാമ്പ്

**ജെ. പി. വെണ്ണിക്കുളം**

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ച് യുവജന വിഭാഗമായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ (സി.ഇ.എം) വജ്രജൂബിലി ജനറൽ ക്യാമ്പ് ഡിസംബർ 25-27 വരെ കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജിൽ വച്ച് നടക്കും. 'രൂപാന്തരം' എന്നതാണ് ചിന്താവിഷയം. സി. ഇ. എം. ജനറൽ സെക്രട്ടറി പാസ്റ്റർ ജോർജ്ജ് മുണ്ടകന്റെ അദ്ധ്യക്ഷതയിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

വിവിധ സെക്ഷനുകളിൽ ഡോ. എബി പി. മാത്യു ബീഹാർ, ഇവാ. സാജൻ ജോയ്, ബാംഗ്ലൂർ, ഡോ. മാത്യു സി. വർഗീസ്, റവ. സാം കെ. ജേക്കബ് തുടങ്ങിയവർ ക്ലാസുകൾ എടുക്കും. 13 വയസ്സിൽ താഴെയുള്ളവർക്കായി കിഡ്സ് ക്യാമ്പിൽ ട്രാൻസ്ഫോർമെൻസ് ഇന്ത്യ നേതൃത്വം നൽകും. ക്യാമ്പിനോട് അനുബന്ധിച്ച് സിംങ് & പ്രെയിസ്, ബൈബിൾ സ്റ്റഡി, ചോദ്യോത്തര വേദി, ചർച്ചകൾ, കൗൺസലിംഗ്, മിഷൻ ചലഞ്ച്, താലന്തു പ്രദർശനങ്ങൾ, ഗെയിമുകൾ തുടങ്ങിയവ ഉണ്ടായിരിക്കും. ഡോ.ബ്ലെസൻ മേമന, ലോർഡ്സൻ ആന്റണി, സ്റ്റാൻലി മാത്യു, ജോമോൻ തുടങ്ങിയവർ ഗാനങ്ങൾ ആലപിക്കും. ജനറൽ സെക്രട്ടറി പാസ്റ്റർ ജോർജ്ജ് മുണ്ടകൻ, ട്രഷറർ ഇവാ.എബി ബേബി തുടങ്ങിയവർ പൊതു ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. ക്യാമ്പ് ഫീസ് 200 രൂപാ. 13 വയസ്സിൽ താഴെയുള്ളവർക്ക് 150 രൂപാ.





## വീടും സ്ഥലവും വില്പനയ്ക്ക്

തിരുവല്ലയ്ക്കടുത്ത് വള്ളംകുളത്തിന്റെ ഹൃദയഭാഗത്ത് 13.5 സെന്റ് സ്ഥലവും 5 മുറികളുമുള്ള വീട് വില്പനയ്ക്ക്:

ഫോൺ: 9447440441

**LANDWAY NEWS**

**EDITORIAL BOARD**

*CHIEF EDITOR:*
Santhosh Pandalam

*EDITOR:*
Sherly Santhosh

*ASSOCIATE EDITOR:*
Shiju John Samuel

*SUB EDITOR:*
Joy Varghese Elanthoor

*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara
ETHIOPIA
Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 150
USA: Dollars - 60
Canada: Dollars 75
UK: Pounds - 30
Gulf: Rs. 3000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**





# ഇവിടെ ബോധവൽക്കരണം അത്യാവശ്യം

**എല്ലാ പ്രശ്നത്തിന്റെയും പിന്നിൽ മദ്യമാണ് എന്ന് പറയുന്നത് വളരെ സത്യമാണ്. അമ്മയെ കൊന്നതും, അപ്പനെ കൊന്നതും, 3 വയസ്സുകാരിയെ പീഡിപ്പിച്ചതും, പെറ്റതള്ളയെ റബ്ബർകാട്ടിലൂടെ ഓടിച്ച് ബലാൽസംഗം ചെയ്ത മകനും എല്ലാം ചെയ്തത് മദ്യാസക്തിയിലാണ് എന്നാണ് വെളിപ്പെടുത്തൽ.**

സഹജീവികളോട് കരുണ കാണിക്കേണ്ട മനുഷ്യർ ഓരോ ദിവസവും മൃഗത്തെക്കാളും അധഃപതനം പ്രാപിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം അമ്മയുടെ മുമ്പിൽ വച്ച് മകളെ ബലാത്സംഗം ചെയ്യാനായി പിടിച്ചു കൊണ്ടുപോകുന്ന വീഡിയോ ഞാൻ കാണാനിടയായി. ആരും ഇതിനെതിരെ ഒരു ചെറുവിരൽ പോലും അനക്കിയിട്ടില്ല. അങ്ങകലെ മറ്റൊരു രാജ്യത്തായിരുന്നുവെങ്കിൽ അത് അവരുടെ നാടെന്ന് പറഞ്ഞ് നമുക്ക് തള്ളിക്കളയാം. ഇത് നമ്മുടെ സ്വന്തം രാജ്യമായ ഇന്ത്യയിൽ നടനമാടുന്ന നിത്യസംഭവങ്ങളാണ്. കുറച്ചുപേർ ഇതിനെ വീഡിയോ എടുത്ത് വാട്ട്സാപ്പിൽ വൈറലാക്കുന്നു.

ഇത് നമ്മുടെ അധികാരികൾ കണ്ടതല്ലേ? അവർ പറയും ഞങ്ങൾ അറിഞ്ഞിട്ടില്ല. കണ്ടിട്ടുമില്ല. പക്ഷേ നഗ്നസത്യം മറ്റൊന്നാണ് ഇവർ പാവപ്പെട്ടവർ, കുടിലുകളിൽ താമസിക്കുന്നവർ, ഗ്രാമവാസികൾ, വിദ്യാഭ്യാസത്തിൽ കുറവുള്ളവർ, ഇവരെ ആര് സംരക്ഷിക്കാനാണ്? രാഷ്ട്രീയക്കാർക്ക് ഇവരുടെ വോട്ട് മാത്രം മതിയല്ലോ. സിനിമാ നടീനടന്മാർക്കോ, പണച്ചാക്കുകൾക്കോ ഉന്നതന്മാർക്കോ ഇങ്ങനെ സംഭവിച്ചുവെങ്കിൽ ഉടൻ തെരെഞ്ഞുപിടിക്കും. പിടിക്കുന്ന പോലീസുകാർക്ക് ജോലികയറ്റവും, ബഹുമാന കിരീടങ്ങളും ഉൾപ്പെടെ പലതും പലതും പാത്തും പതുങ്ങിയും അവരുടെ കളപ്പുരകൾ നിറയും.

അനീതി ചെയ്യുന്നവരെ നീതിന്യായക്കോടതി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം. അയ്യോ ഞങ്ങൾ കൊണ്ടുവരുന്നുണ്ട്.. പക്ഷേ നിങ്ങൾ കാണുന്നില്ലാ എന്നേയുള്ളൂ. അത് ഞങ്ങൾ പറയാം ഇവരെക്കൊണ്ട് വരുമ്പോൾ ലോകജനത ഇവരെ വ്യക്തമായി കാണണം. എങ്കിലേ ജനത്തിന് ഇവരെ തിരിച്ചറിയാൻ കഴിയുകയുള്ളു. അമ്മമാരും, സഹോദരിമാരും, ഭാര്യയും മക്കളും വിവിധ ആവശ്യങ്ങൾക്കായി ഇങ്ങനെയുള്ളവരുടെ അടുക്കൽ ചെല്ലേണ്ടവരാണ്. ചിലപ്പോൾ ഇവർ, ഡോക്ടർ ആയും, കമ്പനി ഉദ്യോഗസ്ഥനായും, അദ്ധ്യാപകനായും, ഡ്രൈവറായും മറ്റും കാണുമ്പോൾ ഇവരെ വ്യക്തമായി തിരിച്ചറിയാമല്ലോ. അറിയണമെങ്കിൽ ഇവരുടെ മുഖം മറക്കാതെ ശിക്ഷ കൊടുക്കണം.

മുഖം മറച്ചുള്ള ശിക്ഷയെങ്കിൽ ആരും അറിയുന്നില്ല പിന്നെയും ഇവരിൽ ഒളിഞ്ഞുകിടക്കുന്ന പാപത്തിന്റെ കൊഴുപ്പ് പുറത്തു വിടും. വീണ്ടും നാശം വിതക്കാൻ കാരണമാകും. കോടതിയിൽ കൊണ്ടുപോയി ശിക്ഷിച്ച് ജയിലിലടച്ചാൽ ഇവരെയാരെയും ഗുണപ്പെടുത്താമെന്ന് ചിന്തിച്ചാൽ തീരുന്ന പ്രശ്നമല്ല ഇവരുടേത്.

ഇപ്പോൾ ജയിലിൽ ലഭിക്കാത്തത് എന്താണ്? കഞ്ചാവ് മുതൽ മൊബൈൽ വരെ അധികാരികളുടെ ഒത്താശയോടെ ജയിൽപുള്ളികൾക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്. പ്രമാദമായ കേസുകളിൽ പിടിക്കപ്പെട്ട സന്തോഷ് മാധവൻ, ഫാദർ റോബിൻ, സുർമിത് റാം രഹീം സിംഗ്, ടോറ്റൽ ഫോർ യൂ, ഗോവിന്ദച്ചാമി, ആട് ആന്റണി, പൾസർ സുനി, ദിലീപ്, സരിതാ നായർ, നിസാർ തുടങ്ങിയവർ എവിടെ? ഇവരുടെ ശിക്ഷാവിധികൾ എങ്ങനെയാണ്? ഇതൊക്കെ പൊതുജനം അറിയണം. നിയമം ഇതെല്ലാം പുറത്ത് കൊണ്ടുവരണം എങ്കിലെ നമ്മുടെ രാജ്യം നന്നാവുകയുള്ളു.

എല്ലാ പ്രശ്നത്തിന്റെയും പിന്നിൽ മദ്യമാണ് എന്ന് പറയുന്നത് വളരെ സത്യമാണ്. അമ്മയെ കൊന്നതും, അപ്പനെ കൊന്നതും, 3 വയസ്സുകാരിയെ പീഡിപ്പിച്ചതും, പെറ്റതള്ളയെ റബ്ബർകാട്ടിലൂടെ ഓടിച്ച് ബലാൽസംഗം ചെയ്ത മകനും എല്ലാം ചെയ്തത് മദ്യാസക്തിയിലാണ് എന്നാണ് വെളിപ്പെടുത്തൽ.

കഴിഞ്ഞ ചില ദിവസങ്ങൾക്കു മുമ്പ് യുവമിഥുനങ്ങൾ ഹോണ്ടാ സിറ്റി കാറിൽ കറങ്ങാൻ പോയി. യുവതികളും യുവാക്കളും കാറിലുണ്ടായിരുന്നു ആഘോഷിച്ചുവരുമ്പോൾ നിയന്ത്രണം വിട്ട് കാറ് പാറയിൽ ഇടിച്ചു എല്ലാവരും മരിച്ചു. അതിന് പിന്നിലും മദ്യമാണ് എന്നത് തള്ളിക്കളയാൻ കഴിയാത്ത കാര്യമാണ്. ഇതിന്റെ പിന്നിലും മദ്യാസക്തിയാണ്.

നമുക്കിതിനെതിരെ ബോധവൽക്കരണങ്ങളും കവല പ്രസംഗങ്ങളും നടത്തണം. ജനത്തെ ബോധവൽക്കരിക്കണം. ഈ ഉദ്യമത്തിൽ പങ്കെടുക്കാൻ യൗവ്വനക്കാരായ യുവതീയുവാക്കൾ മുൻകൈയെടുക്കണം. അതിന് തയ്യാറുള്ളവർ ഞങ്ങളുമായി ചേരുക. ഞങ്ങളെ വിളിക്കുക. നമുക്ക് ഒരുമിച്ച് രാജ്യത്തിന്റെ ഐക്യതയ്ക്കും അഖണ്ഡതയ്ക്കും വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

# മാതാപിതാക്കളുടെ അകമഴിഞ്ഞ വാത്സല്യം

YOUTH



**മെർളിൻ ഷേർളി സന്തോഷ്**

**മാതാപിതാക്കളായിരിക്കണം മക്കൾക്ക് മാതൃക; അയൽപക്കത്തുള്ളവർ ആകരുത് നമ്മുടെ കുട്ടികളുടെ മോഡൽ. കുട്ടികളുടെ കഴിവുകൾ മാതാപിതാക്കൾ തിരിച്ചറിഞ്ഞ് അവരെ വളർത്തിയെടുക്കണം.**

നമ്മുടെ ഇടയിൽ കണ്ടുവരുന്ന വിഷയമാണ് കുട്ടികൾ ദൈനംദിനം നശിച്ചുകൊണ്ടിരിക്കുന്നത്. കാരണം കുട്ടികളെ മാതാപിതാക്കൾ വേണ്ടതുപോലെ ശ്രദ്ധിക്കുന്നില്ല എന്നതാണ്. മിക്ക മാതാപിതാക്കളും രാവിലെ ജോലിക്ക് പോകും. കുഞ്ഞുങ്ങളെ ക്രച്ചിൽ അല്ലെങ്കിൽ പ്ലേ സ്കൂളിൽ കൊണ്ടുവിടും. ജീവിക്കാൻ വേണ്ടി അവർ പോയേ മതിയാകുകയുള്ളു. വൈകുന്നേരം കുഞ്ഞുങ്ങൾ തിരിച്ച് വീട്ടിൽ വരുമ്പോൾ അപ്പച്ചന്മാരോ അമ്മച്ചിമാരോ കാണും. അവർ വളർന്ന ചുറ്റുപാടുകളിൽ നിന്നാണ് കുട്ടികളെ ശാസിക്കുകയും വളർത്തുകയും അവർ ചെയ്യുന്നത്.

കുഞ്ഞുങ്ങൾ വന്നാൽ ഉടൻ തന്നെ കുളിക്കണം, കഴിക്കണം, ഹോംവർക്ക് ചെയ്യണം അപ്പോഴേക്കും നേരം വൈകിക്കാണും. മാതാപിതാക്കൾ ജോലി കഴിഞ്ഞ് വളരെ താമസിച്ചുവന്നതുകൊണ്ടു നാളത്തേക്കുള്ള കാര്യങ്ങൾ തലേദിവസമേ ചെയ്യുവാൻ തിരക്കിലുമാണ്. ഇതിനിടയ്ക്ക് അവർ വീട്ടിലെ അടുക്കള കാര്യങ്ങൾ തീർന്നിട്ടല്ലേ മക്കളുടെ കാര്യം നോക്കാൻ പറ്റുകയുള്ളു.

അവർക്ക് അടുക്കള കാര്യങ്ങളും കുഞ്ഞുങ്ങളെയും നോക്കാൻ സമയം വേണ്ടതുപോലെ ലഭിക്കാറില്ല എന്നതാണ് വാസ്തവം. മിക്ക കുഞ്ഞുങ്ങളും വളർന്നുവരുമ്പോൾ വഴിതെറ്റുന്നതിന് കാരണം വീട്ടിലെ കരുതൽ ഇല്ലാത്തതിനാൽ ആണ്. എന്ത് വിലകൊടുത്തും മക്കളെ മാതാപിതാക്കൾ സ്നേഹിക്കണം. അവരോടെ എല്ലാ ദിവസവും അൽപസമയം ചെലവിടണം. എല്ലാ ദിവസവും നമ്മുടെ കുഞ്ഞുങ്ങളെ സ്നേഹിക്കാൻ മറക്കരുത്. മറന്നാൽ അത് കുഞ്ഞുങ്ങളുടെ ഭാവിക്ക് അപകടമാണ് എന്ന് ഓർക്കുക. കുട്ടികളോട് ക്രൂരമായി സംസാരിക്കരുത്, മക്കളോട് സ്നേഹമായി പെരുമാറണം തലമുറകളോട് നല്ല രീതിയിൽ പെരുമാറിയില്ലെങ്കിൽ അവർ ചിലപ്പോൾ മനസ്സിൽ പകവച്ച് ജീവിതം തുടങ്ങും. വലുതാകുമ്പോൾ അത് പ്രവർത്തിക്കാൻ തുടങ്ങും. പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് കഴിവതും മൊബൈൽ ഫോൺ കളിക്കാൻ കൊടുക്കരുത്. അതിനുപകരം അവർക്ക് അൽപസമയം വീട്ടുവളപ്പിൽ കളിക്കാൻ സമയം കൊടുക്കണം.

മാതാപിതാക്കളായിരിക്കണം മക്കൾക്ക് മാതൃക; അയൽപക്കത്തുള്ളവർ ആകരുത് നമ്മുടെ കുട്ടികളുടെ മോഡൽ. കുട്ടികളുടെ കഴിവുകൾ മാതാപിതാക്കൾ തിരിച്ചറിഞ്ഞ് അവരെ വളർത്തിയെടുക്കണം. കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ കഴിവതും സാധ്യമാക്കി കൊടുക്കുക. കുഞ്ഞുങ്ങൾ നന്നാവണമെങ്കിലും ഉയരങ്ങളിൽ എത്തിച്ചേരണമെങ്കിലും കുട്ടികളുടെ ആരോഗ്യവും, വിദ്യാഭ്യാസവും ഇടയ്ക്കിടക്ക് മാതാപിതാക്കൾ ശ്രദ്ധിച്ചിരിക്കണം.

ആയതിനാൽ നമ്മൾ നമ്മുടെ കുട്ടികളെ പരമാവധി ശ്രദ്ധിക്കാൻ മറക്കരുത്. വിനോദങ്ങളിലും ആത്മീയകാര്യങ്ങളിലും സമയം കണ്ടെത്തി ക്കൊടുക്കണം. അവധിദിവസങ്ങളിൽ സമയം കണ്ടെത്തി മാതാപിതാക്കളോടൊപ്പം പാർക്കുകളിലും ഉല്ലാസസ്ഥലങ്ങളിലും കൊണ്ടുപോയി നല്ല കാര്യങ്ങൾ പഠിപ്പിക്കണം.

പഠനത്തോടൊപ്പം ചെറിയ ചെറിയ ജോലികൾ ചെയ്യിപ്പിക്കാനും മറക്കരുത്. അവരെക്കൊണ്ട് സമ്പാദ്യ ശീലം വളർത്തിയെടുക്കുകയും ചെയ്യണം. കുട്ടികളെ ഒറ്റക്കിരുത്തി മനസ്സിനെ വേദനിപ്പിക്കരുത്. മാതാപിതാക്കളുടെ വാത്സല്യം തലയിൽ തേയ്ക്കുന്ന തൈലത്തെക്കാൾ അത്യുത്തമമാണ്. പരസ്പരം ബഹുമാനത്തോടെ മറ്റുള്ളവരോട് മാതാപിതാക്കൾ ഇടപഴകുന്നത് മക്കൾ കണ്ടുപഠിക്കുകയും, മാതാപിതാക്കൾ കുട്ടികളെ പറഞ്ഞ് പഠിപ്പിക്കുകയും ചെയ്യുക. വർഷത്തിൽ ഒരിക്കലെങ്കിലും അനാഥാലയങ്ങൾ, ക്യാൻസർ വാർഡുപോലുള്ള സ്ഥലങ്ങൾ, സന്ദർശിക്കാൻ മുൻകൂട്ടി തീരുമാനിക്കുക അവ പ്രാവർത്തികമാക്കുക.

ആരാധനാലയങ്ങളിലും, പബ്ലിക് മീറ്റിംഗുകളിലും മക്കളെ കൊണ്ടുപോകുവാൻ ഒരിക്കലും മടിക്കരുത്. മുതിർന്നവരെ പേര് ചെല്ലി വിളിക്കാൻ ഒരിക്കലും കുട്ടികളെ അനുവദിക്കരുത്. അഥവാ കുട്ടികൾ അങ്ങനെ ചെയ്താൽ പൊതുസ്ഥലത്ത് വച്ച് ശാസിക്കാതെ വീട്ടിൽ എത്തിയിട്ട് ശിക്ഷണം നൽകണം. ചൊട്ടയിലെ ശീലം ചുടലവരെ എന്ന പഴഞ്ചൊല്ല് നാം മറന്ന് പോകരുതേ.

# പുകയത്തുവച്ച തുരുത്തി നശിക്കുമോ?



ജെ. പി. വെണ്ണിക്കുളം

സങ്കീർത്തനങ്ങൾ 119:83 ൽ ഇങ്ങനെ വായിക്കുന്നു ''പുകയത്തുവച്ച തുരുത്തി പോലെ ഞാൻ ആകുന്നു. എങ്കിലും നിന്റെ ചട്ടങ്ങളെ മറക്കുന്നില്ല.'' കഷ്ടത ഇല്ലാത്ത മനുഷ്യജീവിതം ഉണ്ടോ? എല്ലാവർക്കും ഒന്നല്ലെങ്കിൽ മറ്റൊരുവിധത്തിൽ കഷ്ടതകളുണ്ട്. ലോകത്തിൽ ആയിരിക്കുന്നിടത്തോളം കഷ്ടത ഉണ്ടെന്നാണ് യേശു പറഞ്ഞത് (യോഹന്നാൻ 16:33). എങ്കിലും തളർന്നു പോകാതിരിക്കുന്നതിന്റെ കാരണം കർത്താവ് കൂടെയുള്ളതുകൊണ്ടാണ്. കഷ്ടതപെരുകി വരുമ്പോൾ തന്നെ ആശ്വാസവും പെരുകിവരുന്നു. (2 കൊരിന്ത്യർ 1:5) എന്നാണ് പൗലോസും പറഞ്ഞിരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈ ലോകത്തിലെ കഷ്ടതകൾക്ക് ഒരു ഭക്തനെ തളർത്തിക്കളയുവാൻ സാധ്യമല്ല. ക്രിസ്തുവിനോടുള്ള സ്നേഹമാണ് ഇവയെല്ലാം സഹിക്കുവാൻ നമ്മെ നിർബന്ധിതരാക്കുന്നത്.

പുരാതനകാലത്ത് വെള്ളവും വീഞ്ഞും കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്ന തോൽസഞ്ചിയാണ് തുരുത്തി. ഉപയോഗം കഴിയുമ്പോൾ ഇത് പുകയത്തു വയ്ക്കുക പതിവാണ്. പുകയത്തു ഇരിക്കുന്നതുകൊണ്ട് ഈ തുരുത്തിയുടെ നിറവും ഭംഗിയും മാറിപ്പോകാറുണ്ട്. എങ്കിലും അതിന്റെ ഉറപ്പിന് കോട്ടം സംഭവിക്കുന്നില്ല. ദൈവം തന്റെ ഭക്തന്മാരെ കഷ്ടതയിലൂടെ കടത്തിവിടാറുണ്ട്. ഇയ്യോബ് പറയുന്നു. ''എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും'' (ഇയ്യോബ് 19:26). അതേ ദൈവം തന്നെ ശോധന കഴിച്ചാൽ പൊന്നുപോലെ പുറത്തുവരുമെന്ന് ഇയ്യോബ് വിശ്വസിച്ചു (23:10). തോൽക്കുടം അഥവാ തുരുത്തി പുകഞ്ഞുകൊണ്ടിരിക്കുകയാണെങ്കിലും ദൈവീക പ്രമാണം വിട്ടുമാറാതിരിക്കും എന്നത് ഒരു ഭക്തന്റെ തീരുമാനമായിരിക്കേണം. ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടി വന്നാൽ ലജ്ജിക്കരുത് എന്ന് പത്രോസും പറയുന്നു (1 പത്രോസ് 4:17).

പുകയത്തു വച്ചിരിക്കുന്ന തുരുത്തി വിരൂപമായിരിക്കാം. കരിപുരണ്ട തുരുത്തിയെ ലോകത്തിന് ആവശ്യമില്ല. എന്നാൽ ഏത് വിരൂപവും ദൈവത്തിന്റെ ദൃഷ്ടിയിൽ കോമളത്വം ഉള്ളതാകും. ലോകത്തിന്റെ ദൃഷ്ടിയിൽ ഭോഷത്വം എങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ ശ്രേഷ്ഠമാണ്. ഉപയോഗം കഴിഞ്ഞ് എന്ന് കരുതി പുകയത്ത് വച്ച അവസ്ഥയിലാണ് തുരുത്തിയുടെ സ്ഥാനം എങ്കിലും വീണ്ടും ഉപയോഗിക്കാൻ കഴിയും. അതേ ''ഉണങ്ങിയ അസ്ഥികൾ'' വീണ്ടും ജീവിക്കും. ഒരു സൈന്യമായി എഴുന്നേറ്റുവരും. മനുഷ്യൻ തള്ളിക്കളയുന്നതിനെ ദൈവം തെരെഞ്ഞെടുക്കുന്നു. അത് യോഗ്യത നോക്കിയല്ല; കൃപയാലല്ലോ നാം വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്.

ഈ ലോകത്തിലെ കഷ്ടതകൾ നൊടിനേരത്തേക്കേയുള്ളു (2 കൊരിന്ത്യർ 4:17). നമ്മിൽ വെളിപ്പെടു വാനുള്ള തേജസ്സു വിചാരിച്ചാൽ ഈ ലോകത്തിലെ കഷ്ടതകൾ സാരമില്ലെന്ന് എണ്ണുവാൻ കഴിയും. (റോമർ 8:18). ഈ ഭൂമിയിലെ കഷ്ടതകൾ വേഗം തീരുകയും നാം പറന്നു പോകുകയും ചെയ്യും. ഇതാണ് ഒരു ഭക്തന്റെ പ്രത്യാശ. അതുകൊണ്ടു നാം തളരില്ല. കർത്താവ് നമ്മെ സഹായിക്കും.

---

*സ്ത്രീകളുടെ പംക്തി*

# വ്യസനപുത്രന്റെ അമ്മ



ഷീലാ ദാസ്

**രഹസ്യപ്രാർത്ഥനാമുറിയിൽ ദൈവവുമായി ബന്ധം സൂക്ഷിക്കുന്ന നിന്റെ തലമുറയെ ദൈവം എങ്ങനെയാക്കി ത്തീർക്കും എന്ന് മുൻവിധി വേണ്ട. ഒരു പക്ഷേ നിങ്ങൾ തള്ളിയത് അവന്റെ അനുഗ്രഹത്തിന് കാരണമാകും.**

വേദപുസ്തകചരിത്രത്തിൽ മക്കളെ ദൈവഹിതപ്രകാരം വളർത്തിയവരെയും ദൈവവഴിയിൽ നടത്താതിരിക്കത്തക്കവണ്ണം സ്വാധീനിച്ച അമ്മമാരെയും ഒക്കെ നാം കാണുകയാണ്. എന്നാൽ ഇവിടെ ഒരമ്മ വ്യസനത്തോടെ പ്രസവിച്ചു എന്ന് പറഞ്ഞ് യബ്ബേസ് എന്ന പേരിട്ടു. ഒരു പേരിൽ എന്തിരിക്കുന്നു എന്ന് നമുക്ക് തോന്നാം. എന്നാൽ അമ്മ വ്യസനത്തോടെ പ്രസവിച്ചു എന്നതുകൊണ്ട്, അവൻ എന്ത് തെറ്റുചെയ്തു? അവന്റെ ജീവിതകാലം മുഴുവൻ അവന്റെ പേര് കേൾക്കുന്നവർ ചിന്തിക്കത്തക്കനിലയിൽ ആ കുഞ്ഞിന് പേരിട്ടത് എന്തിന്?

നമ്മുടെ ജീവിതത്തിൽ വരുന്ന പ്രതിസന്ധികളുടെ നടുവിൽ നാം എടുക്കുന്ന തീരുമാനങ്ങൾ നമ്മുടെ തലമുറയെ ബാധിക്കാൻ ഇടവരരുത്. നമുക്ക് വിഷമം വരുമ്പോൾ, തെറ്റ് ചെയ്യാത്ത നമ്മുടെ തലമുറയെ നാം ശപിക്കരുത്. അവർ ചെയ്യാത്ത തെറ്റുകൾ, അവരെ ജീവകാലം മുഴുവൻ വേദനിപ്പിക്കുവാൻ ഇടവരരുത്. പ്രാർത്ഥിച്ച്, ദൈവഹിതപ്രകാരമുള്ള പേരുകൾ നാം അവർക്ക് ഇടുവാൻ തയ്യാറാകണം. യബ്ബേസ് എന്ന പേര് അവന്റെ അമ്മ അവന് നൽകി. ലോകത്തിന്റെ മുമ്പിൽ അവൻ അവഗണിക്കപ്പെട്ടവനെപ്പോലെ ആയി എങ്കിലും ദൈവം അവനെ മാന്യനാക്കി മാറ്റി. മാതാപിതാക്കളുടെ ചിന്തകൾക്കപ്പുറമായി ദൈവം അവനെ മാന്യനാക്കി മാറ്റി.

അമ്മമാരേ, നിങ്ങൾ അനുഭവിച്ച വേദനകൾ തലമുറയെ തളർത്തുന്നതാകരുത് പകരം നിങ്ങളുടെ വേദനകളുടെ നടുവിൽ നിങ്ങളെ താങ്ങിനടത്തിയ ദൈവത്തെ അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാൻ തയ്യാറാകട്ടെ. ഇന്ന് പലരും തങ്ങളുടെ ഹിതത്തിന് അനുയോജ്യമായ രീതിയിൽ തലമുറകളെ നിറുത്തുവാൻ ശ്രമിക്കുന്നു. ദൈവഹിതമല്ലാത്ത ഒരു സ്വാധീനവും തലമുറയുടെ മേൽ ഇടവരരുത്. നിത്യതയെക്കുറിച്ച് ബോദ്ധ്യം ലഭിച്ചവർ തലമുറയെ ഉന്നതമായ ദർശനത്തോടെ വളർത്തണം. ഇന്ന് അനുഭവിക്കുന്ന വേദനകളും കഷ്ടതകളും മാറി, അവർ ഉന്നതരും മാന്യരും ആകുമെന്നദർശനത്തിൽ വളർത്തണം.

പല മാതാക്കളും അവർ ഗർഭകാലത്തും പ്രസവസമയത്തും ഒക്കെ അനുഭവിച്ച വേദനകൾ മൂലം കുഞ്ഞുങ്ങളെ ശപിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇവൻ ഉണ്ടായതുമുതൽ പ്രശ്നങ്ങളാണെന്ന് പറയുന്നത് അവർ കേൾക്കുമ്പോൾ അവരുടെ ഉള്ളിൽ ഒരു നെഗറ്റീവ് എനർജി നാം നൽകുകയാണ്. നീ ഒരു അനുഗ്രഹമാണെന്ന് അവൻ കേൾക്കെപറയണം. ഒരു പക്ഷേ അംഗവൈകല്യം, മാനസികവളർച്ച ഇല്ലാത്തത് ഒക്കെ യാണെങ്കിലും പറയുക നീ ഒരനുഗ്രഹമാണെന്ന്. ദൈവം അവനെ അനുഗ്രഹമാക്കിമാറ്റും എന്ന് യബ്ബേസ് തന്റെ ചരിത്രത്തിലൂടെ നമ്മോട് പറയുന്നു.

എന്നാൽ അമ്മ പറഞ്ഞ വാക്കുകളുടെ മുമ്പിൽ തളരാതെ സർവ്വശക്തനായ ദൈവത്തോട് അവൻ ബന്ധം വളർത്തി. ദൈവത്തിന്റെ അനുഗ്രഹത്തിനുവേണ്ടി അവൻ അപേക്ഷിച്ചു. ദൈവം അവന്റെ അപേക്ഷ കേട്ടു. ദൈവം വ്യസനപുത്രനെ മാന്യനാക്കിതീർത്തു. സ്വന്തകുടുംബത്തിൽ നിന്നും ലഭിച്ച നിരുത്സാഹവാക്കുകൾ അവനെ സ്വാധീനിച്ചില്ല. യിസ്രായേലിന്റെ ദൈവത്തെക്കുറിച്ചുള്ള വലിയ വെളിപാട് അവന്റെ ഹൃദയത്തിൽ കയറി. സഹോദരന്മാരുടെ നടുവിൽ അവഗണിച്ച മാതാവിന്റെ മുമ്പിൽ ദൈവം അവനെ മാനിച്ചുയർത്തി.

പ്രിയ മാതാവേ, മക്കളുടെ കൂട്ടത്തിൽ, നിനക്കിഷ്ടമുള്ളതും ഇല്ലാത്തതും കണ്ടേക്കാം. ഒന്നിനെയും അവഗണിയുവാൻ നിനക്കനുവാദമില്ല. നിങ്ങൾ ഏറ്റവും കൂടുതൽ തള്ളിക്കളഞ്ഞവന് ദൈവത്തോടുള്ള ബന്ധം എങ്ങനെയാണെന്ന് നിങ്ങൾക്കറിയില്ല. രഹസ്യപ്രാർത്ഥനാമുറിയിൽ ദൈവവുമായി ബന്ധം സൂക്ഷിക്കുന്ന നിന്റെ തലമുറയെ ദൈവം എങ്ങനെയാക്കിത്തീർക്കും എന്ന് മുൻവിധി വേണ്ട. ഒരു പക്ഷേ നിങ്ങൾ തള്ളിയത് അവന്റെ അനുഗ്രഹത്തിന് കാരണമാകും. നിങ്ങൾ ശപിച്ചതിനെ അനുഗ്രഹമാക്കാൻ കഴിയുന്ന ദൈവം ജീവിക്കുന്നു. ദൈവത്തോട് ബന്ധമില്ലാത്ത തലമുറ ദൈവത്തിന് വിഷയമല്ല. എന്നാൽ ദൈവത്തോട് ബന്ധമുള്ളവനെ വേദപുസ്തകത്തിന്റെ താളുകളിൽ എഴുതിചേർത്തക്കത്ത നിലയിൽ ദൈവം മാനിച്ചു. മക്കളെ വ്യത്യസ്തതയോടെ കാണുന്നത് അവരെ ദൈവസന്നിധിയിലെത്തിക്കുക, ലോകചരിത്രത്തെ മാറ്റുവാൻ ദൈവം അവരെ ഉപയോഗിക്കുന്നത് നിങ്ങൾ കാണും.

*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE Visual media
09447255475, 09447370979



Wedding Photography & Video Graphy
Direction: HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...



**Duglas Joseph**



# The Kingdom of Jesus

> **Christ will never cease to be in a position of glory, at the right hand of the Father. By His death on the cross, Christ made it possible for us to live eternally with God.**

Perhaps the most disputable verse in the Bible is in the gospel of Matthew verse 28 of chapter 16. 'For the Son of Man is going to come with his angels in the glory of his Father, and then he will repay each person according to what he has done. Truly, I say to you, there are some standing here who will not taste death until they see the Son of Man coming in his kingdom. (Matt. 16:27–28). The second part of the verse has been the source of much debate. What did Jesus mean when he said "many here will not taste death before they see the Son of Man coming in his kingdom?" Is Jesus talking about his resurrection or about the 2nd coming? Several people reading this passage have assumed that Jesus was promising that some of those hearing His words at that time would still be alive to see Him coming back to inaugurate His kingdom on earth. Let us make an in depth analysis to churn out the truth. Theologians have put forward eight different interpretations which are contradictory in nature.

Among the more prominent interpretations is the idea that "coming of the Son of Man" in view here is the transfiguration, which is narrated in the following chapter. Since in all three gospels this statement is followed by the transfiguration of Jesus, it has been argued that this is what was intended. The suggestion that when Jesus said that "some standing here… will not taste death", he had in mind an event that would occur only six days later.

The phrase "some of those standing here" does not differentiate between some who will see the transfiguration (Peter, James and John) and the rest who will not. Rather, the implication is that not all of them will die before the coming of the Son of Man in his kingdom. None of his disciples dies in the next six days. And what the disciples will see is not a static foreshadowing of the event but "the Son of Man coming in his kingdom"—they will see the dynamic fulfilment of the prophecy.

Others take this to refer to the resurrection or to Pentecost. It seems unlikely that Jesus would say to his disciples and the others gathered there that "some" of them would be alive at his resurrection, especially since it only happened about a year or less following this event.

It is the assumption that the words "coming of the Son of Man" must mean "Second Coming" that has caused much of the confusion. Once we realize that Jesus is simply using a phrase from Daniel 7 to allude to the whole prophecy, texts such as Matthew 16:28 are much more readily understood. Jesus was not predicting that his Second Coming would occur within the lifetime of some of his hearers. He wasn't speaking of the Second Coming at all. He was referring to the fulfilment of Daniel 7, his reception of the kingdom from the Father, and this was fulfilled within the lifetime of some of his hearers ( Matt. 28:18).

I believe that the above verse has a spiritual meaning rather than literal meaning. We have to understand that the kingdom of God is not something physical that is visible in some external manner. You cannot see it in the same way as you see the stars, the sun or the moon. That's what Jesus told the Pharisees who wanted to know when the kingdom of God would come. He said to them, ''The kingdom of God is not coming with signs to be observed; nor will they say, 'look, here it is!' or, 'there it is!' For behold, the kingdom of God is in your midst (Luke 17:20-21).'The kingdom of God is among you. It is right in front of you.

It is a billion dollar question whether we could see the kingdom of God. If not, why? Because it is spiritual. How then do you see the kingdom? Let us turn to John 3:3 for a moment. Jesus made this statement to Nicodemus. John 3:3. Jesus answered and said to him, "Truly, truly (amen, amen, the same expression of strong affirmation), I say to you, unless one is born again (now notice those words), he cannot see the kingdom of God."

It is very important to grasp the spiritual content of this verse. The point is that you will not be able to see the kingdom of God if you had not been born again. Only those who have been regenerated will be able to see the kingdom. That makes Matthew 16:28 somewhat more understandable. Some people in the crowd Jesus was speaking to will experience regeneration and because of that, they will see the kingdom. John 8:51. "Truly, truly, I say to you, if anyone keeps my word he will never see death."

It is obvious that, in order to see the kingdom of God one must obey the God's commandment. 'If anyone keeps (i.e. obeys) my word, he will never see death.' 'There will be some of you standing here who will not see death because you will have eternal life.' You see, the meaning of Matthew 16:28 is not that you will see death after you see the kingdom. The whole point is that you will never see death. It is like Matthew 22:44.

Christ will never cease to be in a position of glory, at the right hand of the Father. By His death on the cross, Christ made it possible for us to live eternally with God.

I hope now an answer has been unravelled for the most perplexing dilemma in the Bible. Now the words of Jesus in Matthew 16:28 are clear. There are some of you who will not taste death. Why? Because they will have eternal life. The words 'not tastes death' have to do with eternal life. They have to do with those who are regenerate, those who have God's life. These are the people who will be able to see the kingdom of God.






Middle East

# UN Day celebration



Dubai: Fujairah Gems Our Own English High School Fujairah marked the United Nations Day with a special Assembly. UN Day marks the anniversary of the formal establishment of United Nations after a majority of its founding members ratified the Charter setting up the world body.

The eventful Special Assembly conducted under the aegis of Social Studies Department to celebrate the UN Day. Parents advisory board chairperson Neelam Nandekar Principal Himmat Singh Dhillon inaugurated the celebration by cutting the UN birthday cake in the presence of Principal Himmat Singh Dhillon , Head Master Haroon Ahmed, Ms. Mercy Jacob, Tamoghna Chakraborty, Teaching and learning Supervisor Raman Jeet Dhillon, U.N Day Coordinators Duglas Joseph, Rajyalakshmi, Marina Samuel, Selin Baby, Satendra Verma and Mubashira Hassan.

In his address, Mr. Himmat stated that the community of Our Own High School Fujairah, stands committed to the values promoted by the UN and to the UAE National Agenda that believes in empowering the marginalized and vulnerable.

Thirty nine students belong to different nationalities of Our Own School dressed in their ethnic costumes paraded to showcase the cultural variety of our world and propounded the message of unity in diversity. The students wearing ethnic dress carrying respective national flags gave a panoramic view. They greeted their peers in their native language which was received with a huge applause.

Principal, Head master and parents representatives released doves symbolising peace and harmony. The ceremony envisages Hope, Peace and Promise of bright future percolated in the young minds.

The UN Day celebration was organised by the Social Studies department spearheaded by Mercy Jacob, Duglas Joseph, Rajyalakshmi, Satendra Verma, Selin Baby, Mubshira Hassan and Alpana.

USA

# New security rules for flights to U.S.A




New security measures including stricter passenger screening take effect on from Thursday, Oct. 26 in all US-bound flights to comply with government requirements designed to avoid an in-cabin ban on laptops, airlines said.

Airlines contacted by Reuters said the new measures, which could include short security interviews with passengers, would be in place by Thursday.

They will affect 325,000 airline passengers on about 2,000 commercial flights arriving daily in the United States, on 180 airlines from 280 airports in 105 countries.


The United States announced the new rules in June to end its restrictions on carry-on electronic devices on planes coming from 10 airports in eight countries in the Middle East and North Africa in response to unspecified security threats.

Those restrictions were lifted in July, but the Trump administration said it could reimpose measures on a case by case basis if airlines and airports did not boost security. European and U.S. officials told Reuters at the time that airlines had 120 days to comply with the measures, including increased passenger screening. The 120-day deadline is Thursday. Airlines had until late July to expand explosive trace detection testing.

ASIA - INDIA

# Father of Missing Indian Girl Arrested After He Changed Story: Police





TEXAS: The adoptive father of the missing three-year-old Indian girl has been arrested after he provided "an alternate statement of events" about his daughter Sherin's disappearance, the police said. He now faces charges of injury to a child. Wesley Mathews' arrest came a day after the body of a small child was found near the family home. Police have said the body was "most likely" hers.

Sherin Mathews, who has developmental issues and limited verbal communication skills, was last seen outside her family home in Richardson city in Texas on October 7 after her Indian-American father Wesley Mathews scolded her and sent her alone outside late at night as punishment for not finishing her milk. After 15 minutes when he went out to check on her, Sherin was missing.

Wesley Mathews, 37, was arrested on child abandonment and endangerment charges the same day but was released on bail. Wesley and his attorney voluntarily arrived at the Richardson police station yesterday and shared a different account of his adoptive daughter's disappearance, Police Sgt. Kevin Perlich said.

The body of the young child discovered on Sunday had not yet been identified, he said, and autopsy results from the Dallas County medical examiner were pending. Sgt Perlich added that investigators don't have any reason to believe the body is not that of Sherin Mathews, but they're waiting for a confirmation and the cause of death.

The two-week search for Sherin has involved drones, cadaver dogs, an Amber Alert and teams from multiple agencies that swept fields and other areas around the girl's home. They also asked neighbors and nearby businesses if they have the footage of the family's maroon Acura SUV between the hours that Sherin was said to have been left outside and when her disappearance was reported.

Europe/Russia

# Bad Rabbit: New cyber attack hits Russia and Ukraine

A new cyber attack, dubbed as Bad Rabbit, hit a Ukrainian international airport and three Russian media outlets on Tuesday. The cyber-attack comes just four months after the “NotPetya” malware spread from the two countries to other parts of the world.

Cybersecurity experts said the computer virus also appeared to have spread to Turkey and Germany as the day progressed -- but that its size appeared to be relatively small.

Ukraine’s Odessa International Airport said on Facebook that its “information system” stopped functioning in the afternoon. “All airport services are working in a reinforced security regime,” the airport said without elaborating.



Its website showed air traffic going in and out of the Black Sea resort city according to schedule.

Russia’s Interfax news agency -- one of the country’s biggest -- also sent its last dispatch at 2:13 pm (1113 GMT) before falling silent. A cyber security expert told AFP that the Fontanka news site in Russia’s second city of Saint Petersburg and a third media outlet “whose name, unfortunately, we cannot reveal at this time” had also gone off line. “We cannot say what it is at the moment,”

പാട്ടിന്റെ വഴി

**ജെയിംസ് എം. ബ്ലാക്ക്**

# കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധ്വനിക്കുമ്പോൾ

അമേരിക്കയിൽ അനേക വർഷം മുമ്പ് ജീവിച്ചിരുന്ന യുവജനങ്ങളുടെ ഇടയിൽ കർത്താവിനുവേണ്ടി പ്രവർത്തിച്ച ഒരു ദൈവമനുഷ്യനായിരുന്നു ജയിംസ് എം.ബ്ലാക്ക്, യംഗ് പീപ്പിൾ സൊസൈറ്റിയുടെ പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്ന കാലം ലോക ഇമ്പങ്ങൾ തേടി അലയുന്ന യുവതീയുവാക്കളെ ക്രിസ്തുവിൻ സ്നേഹത്തിലേക്ക് നയിക്കുവാൻ താൻ കഠിനപ്രയത്നം ചെയ്തിരുന്നു. ഒരിക്കൽ പതിനാലുവയസ്സുമാത്രം പ്രായമുള്ള ഒരു പെൺകുട്ടിയെ കണ്ടു. കീറിയ വസ്ത്രം ധരിച്ച്, ആഹാരം കഴിക്കാതെ ആരോഗ്യം നഷ്ടപ്പെട്ട ഒരു രൂപം. തകർന്നുവീഴാറായ ഒരു വീടിന്റെ വാതിൽക്കൽ ഇരിക്കുന്നു. നിസ്സഹായനായി, ആശയറ്റവളായി, ഏറ്റവും ക്ഷീണിതനായി തീർന്നിരിക്കുന്നു. പ്രായപരിധിയോ, സമയപരിധിയോ സ്ഥാനവ്യത്യാസങ്ങളോ ഇല്ലാതെ മനുഷ്യൻ മരണത്താൽ മണ്ണിലേക്ക് തിരിയുന്നു. ദൈവമില്ലാതെ ജീവിക്കുന്നവർ മരണത്തെ ഭയപ്പെടുന്നു. ദൈവമക്കൾ ഗാനംപാടി കടന്നുപോകുന്നു. പ്രത്യാശയോടെ പാടുവാൻ ജെ.എം. ബ്ലാക്കിൽ കൂടി പരിശുദ്ധാത്മാവ് നമുക്ക് നൽകിയ ഒരു ഗാനമാണിത്. കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധനിക്കുമ്പോൾ നിത്യമാം പ്രഭാത ശോഭിതത്തിൻ നാൾ.

അവളുടെ അസാന്നിദ്ധ്യം ബ്ലാക്കിനെ ആഴമായി ചിന്തിപ്പിച്ചു. കർത്താവ് പേർ വിളിക്കുമ്പോൾ ആ പുസ്തകത്തിൽ പേരില്ലാതെ വന്നാലോ? അന്ന് താൻ എല്ലാവരെയും അത് പഠിപ്പിച്ചു. ആ വാക്കുകൾ തന്നോടു തന്നെ ആരോ ചോദിക്കുന്നതുപോലെ തോന്നി. എന്റെ പേർ ഇല്ലാതെ വന്നാലോ? ചിന്ത മനസ്സിനെ അലട്ടി. ഹൃദയം അസ്വസ്ഥമായി ഒടുവിൽ ഒരുഗാനം പാടി ആശ്വസിക്കുവാൻ ആഗ്രഹിച്ചു. ആ സമയത്ത് യോജിച്ച പാട്ട് കിട്ടിയില്ല. ഈ സമയം ആത്മപ്രേരണയാൽ ലഭിച്ച ചില ചിന്തകൾ അദ്ദേഹം ഒരു പേപ്പറിൽ എഴുതി. അതിന് ട്യൂൺ നൽകി അങ്ങനെ പാടിയ ശ്രേഷ്ഠഗീതം. തന്റെ പേരുണ്ട് എന്നുറപ്പുള്ള വർക്ക് എപ്പോഴും പാടുവാൻ ഏറ്റവും നല്ല ഗാനമാണിത്. പാർത്തലത്തിൽ വേലതീർത്ത്, ജീവിതാന്ത്യത്തിൽ അനേക ഭക്തന്മാർ ഈ ചരണങ്ങൾ പാടിയും, ആലപിച്ചാശ്വസിച്ചും പേർ വിളിക്കുന്ന നേരം കാണും എന്ന പ്രത്യാശയോടെ കടന്നുപോയി.

ക്രിസ്തുവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അവർ തങ്ങളുടെ പ്രവൃത്തിയിൽ നിന്ന് വിശ്രമിക്കേ ണ്ടതാണ്. വിശ്രമസ്ഥലം ഒരുക്കുവാൻ പോയ കർത്താവ് വിശുദ്ധന്മാരെ ചേർപ്പാൻ വരുമ്പോൾ രൂപാന്തര ശരീരികളായി ഉയർന്ന്, ആകാശമണ്ഡലത്തിനപ്പുറത്തേക്ക് കടന്നുപോകുന്ന കാഴ്ച മനോമുകുരത്തിൽ ദർശിച്ച് ബ്ലാക്ക് പാടി.

''ക്രിസ്തുവിൽ നിദ്രകൊണ്ടോരീശോഭിത പ്രഭാതത്തിൽ
ക്രിസ്തൻ ശോഭ ധരിപ്പാനുയിർത്തു താൻ
ഭക്തർ ഭവനമാകാശമപ്പുറം കൂടീടുമ്പോൾ
പേർവിളിക്കും നേരം കാണുമെൻ പേരും''

സീയോനിൽ ദൈവമുമ്പാകെ നിരനിരയായി ശുഭ്രവസ്ത്രധാരികളായ വിശുദ്ധഗണങ്ങൾ ഭൂമിയിൽ തങ്ങൾ കർത്താവിനായ് ചെയ്ത അദ്ധ്വാനങ്ങൾ സ്നേഹനിർഭരരായ് ഏൽപ്പിച്ച വേല ജീവാവസാനം വരെ വിശ്വസ്തതയോടെ ചെയ്തു എന്നേറ്റു പറയുന്ന മനോഹര ദൃശ്യവും അദ്ദേഹം ഗാനത്തിന്റെ വരികളിലൊ തുക്കി.

''കർത്തൻ പേർക്കു രാപകൽ അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ
വാർത്ത ഞാൻ ചൊല്ലീടട്ടെ തൻ സ്നേഹത്തിൽ
പാർത്തലത്തിൽ എന്റെവേല തീർത്തു ജീവിതാന്ത്യത്തിൽ
പേർ വിളിക്കും നേരം കാണും എൻ പേരും''

നാഗൽ സായിപ്പ് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ഗാനമാകയാൽ പാട്ടുപുസ്തകങ്ങളിൽ വി.എൻ എന്നു ചേർത്തിരിക്കുന്നു.



## കരുണയുടെ കരം നീട്ടുമോ!

ഇടുക്കി ജില്ലയിൽ തൊടുപുഴക്കടുത്തുള്ള അറക്കുളത്ത് താമസിക്കുന്ന കാൻസർ രോഗിയായ പിതാവ്, തോമസ്, ആസ്മരോഗത്താൽ ഭാരപ്പെടുന്ന ഭാര്യ, ബുദ്ധിവികാസമില്ലാത്ത 15 വയസ്സുള മകൻ, ഇളയ മകനും ആസ്മ രോഗിയാണ്. ഭാര്യ വീട്ടുജോലിക്ക് പോയി കിട്ടുന്ന നന്മകൊണ്ട് വീട് ഉപജീവനം കഴിഞ്ഞുപോകുകയായിരുന്നു. പക്ഷേ ഇപ്പോൾ അതിനും കഴിയാതെ നാല് പേരും രോഗത്തിന് അടിമയായി കഴിയുന്നു. സ്ഥലമോ വീടോ ഇല്ലാതെ വാടക വീട്ടിൽ ദീർഘനാളുകൾകൊണ്ട് ഇവർ ആയിരിക്കുന്നു. നല്ലവരായ നാട്ടുകാരുടെ സഹായസഹകരണത്തോടെയാണ് ഇതുവരെയും എത്തിച്ചേർന്നത്. കിടക്കുവാൻ ഒരു പാർപ്പിടവും അത് വീട്ക്കുവാൻ അൽപം ഭൂമിയും അത്യാവശ്യമായി വന്നിരിക്കുന്നു. തുടർ ചികിത്സയ്ക്കും സാമ്പത്തികം ആവശ്യമാണ്. ഇവരുടെ നന്മയ്ക്കായി ഏതെങ്കിലും വിധത്തിലുള്ള കൈത്താങ്ങലുകൾ ചെയ്യുവാൻ കഴിയുന്നവർ ദയവായി സഹായിക്കുമോ?

Thomas Joseph,
SBI, Moolamattom
A/c No. 7354588218
IFSC: SBIN0070258







**MATRIMONIAL**

Pentecostal parents invites alliance from the Pentecostal parents of Boy (PG Doctors - Clinical side only) for their only daughter 24 years. Studying MD - Dermat 2 nd year, parents running own Hospital and Colleges. Suitable parties may contact on Tel No. +91 9656554870.


## ബൈബിൾ ക്വിസ് - നവംബർ 2017

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**മർക്കോസ് അദ്ധ്യായം 9 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങൾ**

1. ബർത്തിമായുടെ പിതാവിന്റെ പേര് എന്ത്?
2. നിങ്ങൾ വളരെ തെറ്റിപ്പോകുന്നത് എന്ത് എന്ന് യേശുപറഞ്ഞത് ആരോട്?
3. ഏറ്റവും വലിയ ശിക്ഷാവിധി വരുന്നത് ആർക്ക്?
4. തീ കെടുകയില്ല. എവിടെ?
5. ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ എന്ന് പറഞ്ഞത് ആര്?
6. തന്റെ ഉപജീവനം മുഴുവൻ തന്നതാര്?
7. സകല ജാതികളോടും പ്രസംഗിക്കേണ്ടത് എന്ത്?
8. വയലിൽ നിന്നും വന്ന കുറേനക്കാരന്റെ പേര് എന്ത്?
9. ചെറിയ യാക്കോബിന്റെ അമ്മയുടെ പേര് എന്ത്?
10. വിരിച്ചൊരുക്കിയ മാളിക യേശു ഉപയോഗിച്ചത് എന്തിന്?

**2017 ഒക്ടോബർ മാസത്തിലെ ശരി ഉത്തരങ്ങൾ**

1. യാക്കോബ്, യോഹന്നാൻ (മർ. 1:19), 2. ലേവി (2:14), 3. ദാവീദ് (2:25,26), 4. ബൊവനേഗ്ഗെർസ് (3:17), 5. നിറഞ്ഞ മണി (4:28), 6. തലിഥാ കൂമി (5:41), 7. യോഹന്നാൻ സ്നാപകൻ (6:20), 8. സുറൊഫൊയിക്യാ ജാതി (7:26), 9. തുറന്ന് വരിക (7:34), 10. പത്രൊസ് (8:33).

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Shalu L. Lorence, Post Box No. 656289, Manama, Bahrain.

*രണ്ടാം സമ്മാനം*: Sreeja K. Vasudevan, Lakshmi Nivas, Chorinjamkonam, Neyyardam P.O, TVM.

**ശരി ഉത്തരം അയച്ചവർ**: 1). Siji Sojan, Grace Theological Collage, Vennikulam P.O. 2). Stephen George, Kulangara House, Mulanyam P.O, Valakkave, Trissure. 3). Sreeja K. Vasudevan, Lakshmi Nivas, Chorinjamkonam, Neyyardam P.O, TVM. 4). Nithya Raj, Nidhin Bhavan, Kuzhivila Puthuval, Venkadambu, TVM. 5). Anilha L, Nidhin Bhavan, Kuzhivila Puthuval, Venkadambu, TVM. 6). Aparna Raj, Nidhin Bhavan, Kuzhivila Puthuval, Venkadambu, TVM. 7). Nithin Raj, Nidhin Bhavan, Kuzhivila Puthuval, Venkadambu, TVM. 8). Manoj K.P, Leeelalayam, Adikanamkudi, Tirunelveli, Tamilnadu. 9. Shalu L. Lorence, Post Box No. 656289, Manama, Bahrain. 10). Sneha Mariam Thomas, Mundakkal Illathu, Vee Tee Cottage, Nariyapuram. 11). Elsy Vijayan, AG Church, Chendrappinni, Trissur.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

## ജെ. പി. വെണ്ണിക്കുളം വിദേശത്തേക്ക്



ടി.വി. പ്രഭാഷകൻ, എഴുത്തുകാരൻ, സംഘാടകൻ, സഭാശുശ്രൂഷകൻ, അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ജെ. പി വെണ്ണിക്കുളം യു. എ. ഇ യിൽ വിസിറ്റിംഗിനായി കടന്നുപോയിരിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥനകളും സഹായവും ചോദിക്കുന്നു. വിളിക്കേണ്ട നമ്പർ – 00971 564996081

## ഹൈറേഞ്ച് ഹെബ്രോൻ ഈവനിംഗ് ബൈബിൾ കോളേജ്

ഐ.പി.സി നേര്യമംഗലം സെന്ററിന്റെ ആഭിമുഖ്യത്തിൽ പൈങ്ങോട്ടൂർ വച്ച് നടത്തപ്പെടുന്ന ഹൈറേഞ്ച് ഹെബ്രോൻ ഈവനിംഗ് ബൈബിൾ കോളേജിന്റെ രണ്ടാം വർഷ ക്ലാസുകൾ സെന്റർ മിനിസ്റ്ററും പ്രിൻസിപ്പാളുമായ പാസ്റ്റർ ടി.എ. തമ്പി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. ഡോ.ജോയ് അബ്രഹാം (യു.എസ്.എ) ഡയറക്ടറായും പാസ്റ്റർ ജോസ് വർഗ്ഗീസ് രജിസ്ട്രാർ ആയും സേവനമനുഷ്ഠിക്കുന്നു. എല്ലാ തിങ്കൾ ചൊവ്വ ബുധൻ ദിവസങ്ങളിൽ വൈകിട്ട് 6.30 മുതൽ 8.30 വരെ ക്ലാസുകൾ ഉണ്ടാകുന്നതാണ്. വചന പഠനത്തിന് താൽപര്യമുള്ളവർ സമീപിക്കുക.

## നിര്യാതനായി

കണ്ണൂർ: കീഴ്പ്പള്ളി പുതിയങ്ങാടി മന്ദമരുതി നെല്ലിക്കാലായിൽ എൻ.എ. ചെറിയാൻ നിര്യാതനായി. പുതിയ ങ്ങാടി എ. ജി സഭാംഗമായിരുന്നു. ശുശ്രൂഷകൾക്ക് ദൈവദാസന്മാരായ അനീഷ് എം. ഐപ്പ്, എ.ജെ. തോമസ്, എം.ജെ. ജോൺ, ശശി ജോസഫ്, കെ.ഐ. വർഗീസ്, കെ.വി. വർഗ്ഗീസ്, ജോമോൻ ജോസഫ്, സാം തോമസ്, എ. കെ. കുര്യൻ, ജോസ് ജോസഫ്, ഡേവിഡ് ജോൺ, എം.സി. സ്കറിയ, പാലക്കൽ എബ്രഹാം, കെ.വി. ചാക്കോ, കെ.വി. ശമുവേൽ രാഷ്ട്രീയ പ്രതിനിധിയായ സണ്ണി ജോസഫ് എം.എൽ.എ തുടങ്ങിയവർ അനുശോചനം അറിയിച്ചു. ഭാര്യ: സീതത്തോട് ആനവട്ടത്ത് അമ്മിണി, മക്കൾ: ബെൻസി, ജാൻസി, മരുമക്കൾ: ഡെയ്സി, കെ.ജെ. ജോബ് ദുഃഖിതരായ കുടുംബാംഗങ്ങൾക്ക് ലാന്റ്‌വേ ന്യൂസിന്റെ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.


**വസ്തു വില്പനക്ക്**

റിസോർട്ടിനും, വീടുവക്കുവാനുമായി സൗകര്യമുള്ള കല്ലട ഈസ്റ്റ് തീരത്തോട് ചേർന്നുള്ള (തേനി ഹൈവേ റൂട്ട്) ഒരേക്കർ സ്ഥലം ഉടൻ വില്പനക്ക്. അന്വേഷണങ്ങൾക്ക് +91 894 387 8633



**BETHEL BATTERY HOUSE**

Nellikkala, Elanthoor



Authorised Amaron Dealer **Mr. JOY VARGHESE - 9048830149**

DIGITAL INVERTER & CC TV INSTALLATION

ഞങ്ങൾ നല്കുന്ന സാധനങ്ങൾക്ക് എല്ലാ സ്ഥലത്തും സേവനം ഉണ്ടായിരിക്കും

## വേദനിക്കുന്നവർക്ക് താങ്ങും തണലുമായി

# വർഗ്ഗീസ് വെട്ടത്ത് 82 ന്റെ നിറവിൽ

8 –ാം പേജിൽ നിന്ന് തുടർച്ച

ദൈവം എന്നെ തെരഞ്ഞെടുത്തു.

**10. സുവിശേഷ പ്രവർത്തനത്തെക്കുറിച്ച് വിശദീകരിക്കാമോ?**

ഒറീസയിൽ ഗ്രഹാം സ്റ്റൈൽസ്, തിമത്തി, ഫിലിപ്പ് എന്നിവരെ ചുട്ടുകൊന്ന സ്ഥലമായ ഒറീസയിൽ കർത്താവിന്റെ വേല ചെയ്യണമെന്നുള്ള ആഗ്രഹത്താൽ അവിടെ ഒരു സഭ സ്ഥാപിച്ചു. ആ ഗ്രാമത്തിലേക്ക് അന്ന് പോകണമെങ്കിൽ ദർപ്പപുല്ലുകൾ രണ്ടുകൈകൊണ്ടും നീക്കിയായിരുന്നു വഴി പോയത്. ഇന്ന് അവിടെ ആ വഴി ടാറിട്ടവഴിയായി. ഇപ്പോൾ അവിടെ 10 സഭകൾ സ്ഥാപിച്ചിട്ടുണ്ട്. എന്റെ ശാരീരിക ബുദ്ധിമുട്ടു മൂലവും യാത്ര ചെയ്യുവാനുള്ള പ്രയാസംകൊണ്ടും അവിടെ പ്രവർത്തിക്കുന്നതിനായി 'റിവൈവൽ ചർച്ച് ഓഫ് ഇന്ത്യ' എന്ന സംഘടനയുടെ പ്രവർത്തകരുമായി ഒത്ത് ചേർന്ന് പ്രവർത്തിച്ചുവരുന്നു.

ഇപ്പോൾ ഒറീസയുടെ പല ഭാഗങ്ങളിലും ആന്ധ്രയിലും കർണ്ണാടകയിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരുന്നു. പ്രവർത്തനത്തിന് സഹായം നൽകുവാൻ ആഗ്രഹമുള്ളവരെയും ക്ഷണിക്കുകയാണ്.

**11. ആതുര സേവനങ്ങളിൽ താങ്കളുടെ പങ്ക് വിവരിക്കാമോ?**

2005 മുതൽ സ്ഥിരമായിട്ട് കോഴഞ്ചേരി ഗവൺമെന്റ് ആശുപത്രിയിൽ ഉച്ചകഞ്ഞിയും, പയറും, അച്ചാറും ചിലപ്പോൾ ചോറും കറികളും കൊടുത്തുകൊണ്ടിരുന്നു. ഇത് തുടങ്ങുവാനുള്ള കാരണം കോഴഞ്ചേരിയിൽ ഒരു കടയിൽ ഞാൻ നിൽക്കുമ്പോൾ വൃദ്ധയായ ഒരു സ്ത്രീ വന്നിട്ട് കടക്കാരനോട് കരഞ്ഞുകൊണ്ട് പറയുന്നത് കേട്ട് ''അയ്യോ കഷ്ടമായിപ്പോയി അത് നിന്നുപോയി'' അലമുറയിടുന്ന സ്ത്രീയുടെ വിവരം കടക്കാരനോട് ഞാൻ ചോദിച്ചു. കടക്കാരൻ പറഞ്ഞു ആശുപത്രിയിൽ കഞ്ഞികൊടുത്തുകൊണ്ടിരുന്ന ആൻറണി എന്ന മനുഷ്യൻ ഹൃദയാഘാതത്തെ തുടർന്നു കഴിഞ്ഞയഴ്ച മരണപ്പെട്ടു. ഇനി അവർക്ക് കഞ്ഞി ലഭിക്കുകയില്ലായെന്ന വേദനയാണ് ''അയ്യോ കഷ്ടമായിപ്പോയി അത് നിന്നുപോയി'' എന്ന് കരഞ്ഞു നിലവിളിക്കുന്നത് എന്നു അറിഞ്ഞു.

ഒന്നും നോക്കാതെ ആശുപത്രി അധികാരികളോട് അനുവാദം ചോദിച്ചു. പിറ്റേദിവസം മുതൽ കഞ്ഞികൊടുക്കാൻ തുടങ്ങി. ആദ്യം ഒറ്റയ്ക്കായിരുന്നു പിന്നെ ചില വ്യക്തികളെയും കൂടി ലഭിച്ചു. അരി വാങ്ങുന്ന ചങ്ങനാശേരി കടയുടമ സിബി മാസത്തിൽ ഒരു ചാക്ക് അരി സൗജന്യമായി നൽകാമെന്ന് സമ്മതിച്ചു. 5 വർഷത്തോളം നടത്തിക്കൊണ്ടിരുന്നു. ചില സ്വാർത്ഥതൽപരരായ എതിരാളികളുടെ ഇടപെടൽ മൂലം ശാരീരിക മാനസിക പീഡനങ്ങളാലും നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്തതിനാൽ താൽക്കാലികമായി ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. നിർദ്ധനരായ മനുഷ്യർക്ക്, മരുന്നും, വസ്ത്രവും, ആഹാരവും അവരോട് അരുമനാഥന്റെ സുവിശേഷവും പറയാൻ കിട്ടുന്ന ഒരവസരവും ഇപ്പോഴും പാഴാക്കുന്നില്ല. ഇനിയും ഇതിനുള്ള അവസരം ദൈവം നൽകുമെന്ന പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

**12. മദ്യത്തിനും മയക്കുമരുന്നിനും എതിരെ പ്രസംഗിക്കുകയാണല്ലോ? ഞാൻ അത് കണ്ടിട്ടുണ്ട് എന്താണ് ഇങ്ങനെ ചെയ്യുവാനുള്ള പ്രേരണ ലഭിച്ചത്?**

പരസ്യകവലകളിൽ ടീമായി പോയി സുവിശേഷ പ്രവർത്തനം നടത്തുക എന്നതാണ് എന്റെ ദൗത്യം. മദ്യത്തിനും മയക്കുമരുന്നിനും അസമാധാനത്തിനും എതിരായി ഞങ്ങൾ പ്രസംഗിക്കുന്നു. ദൈവം നൽകുന്ന ആയുസ് ദൈവനാമത്തിനായി ചിലവിടുവാൻ സമർപ്പണമുള്ളവരും ആത്മഭാരമുള്ളവരുമായ ഒരു കൂട്ടം ദൈവമക്കൾ ഇതിന്റെ പിന്നിലുണ്ട്. തിരുവല്ല ക്രൈസ്റ്റ് ഫെലോഷിപ്പ്, മാരാമൺ ''ലോർഡ്സ് ലൗ ലിങ്ക് ചാരിറ്റബിൾ സൊസൈറ്റി'' തുടങ്ങിയ സംഘടനകൾ സഹകരിച്ചാണ് ഈ പ്രവർത്തനങ്ങൾ ചെയ്തുവരുന്നത്. പലവട്ട കേരളത്തിന്റെ അങ്ങോളമിങ്ങോളം ഞങ്ങൾ കവല പ്രസംഗം നടത്തിയിട്ടുണ്ട്. 2017 ഒക്ടോബർ 2 മുതൽ 15 വരെ കേരളത്തിലെ തിരുവനന്തപുരം ജില്ല, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പരസ്യയോഗങ്ങളും ഫിലിംഷോയും നടത്തിക്കഴിഞ്ഞതേയുള്ളു. ഇനിയും ചില ജില്ലകളെക്കൂടെ ബോധവൽക്കരണത്തിനായി ചെയ്യാൻ ഉടൻ ഞങ്ങൾ പോകുകയും ചെയ്യും.

ഇപ്പോൾ 10 –ൽ അധികം ദൈവമക്കൾ ഒത്ത് ചേർന്നാണ് പ്രവർത്തിക്കുന്നത്. ആരെങ്കിലും സഭയായിട്ടോ വ്യക്തികളായിട്ടോ ഇതുപോലുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിന് ഞങ്ങൾ വളരെ തയ്യാറാണ്. ഞങ്ങളുടെ ഫോൺ നമ്പറിൽ വിളിച്ചാൽ അതിനുള്ള അവസരങ്ങൾ ലഭിക്കുന്നതുമായിരിക്കും.

**13. മറക്കാൻ പറ്റാത്ത എന്തെങ്കിലും സംഭവങ്ങൾ ജീവിതത്തിലുണ്ടോ?**

ഉണ്ട്, രണ്ട് സംഭവങ്ങൾ 1). ഒറീസയിൽ വച്ച് കോടതി മുറിയിൽ കയറി വന്ന ആ വ്യക്തിയെ മറന്നിട്ടില്ല. പിന്നെ കണ്ടിട്ടുമില്ല. സാക്ഷാൽ ദൈവമാണ് എന്നതാണ് എന്റെ വിശ്വാസം. 2). സിംഗപ്പൂരിൽ വച്ച് ജോലിയോടുള്ള ബന്ധത്തിൽ നെഞ്ചത്ത് കൈവച്ച് പ്രാർത്ഥിച്ച് ഗവൺമെന്റ് നിയമം തിരുത്തിയെഴുതി സർട്ടിഫിക്കറ്റ് വാങ്ങിച്ച സംഭവും ഒരിക്കലും എനിക്ക് മറക്കാൻ കഴിയുകയില്ല.

**14. ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്?**

സിംഗപ്പൂർ, ജർമ്മനി, ന്യൂസിലാന്റ്, ഫിജി ഐലന്റ്, ആഫ്രിക്ക, ഫിലിപ്പയിൻസ്, തായ്‌ലന്റ്, സ്വീഡൻ (ബോട്ടിബർഗ്ഫോർട്ട്), പാകിസ്ഥാൻ, ബംഗ്ലാദേശ്, ജപ്പാൻ, സൂയസ് കനാൽ, (2 വട്ടം കടന്നുപോയിട്ടുണ്ട്), ഹോങ്കോങ്ങ്, മലേഷ്യ, ഇറാക്ക്, തായ്‌വാൻ, ഇറാൻ, ചൈന, ഇന്ത്യനേഷ്യ, ഏദൻ, ബഹറിൻ, കുവൈറ്റ്, അബുദാബി, ഇസ്രയേൽ, ഇറ്റലി, ഗ്രീസ് (ഇവർ കപ്പൽ നിർമ്മാണത്തിൽ മുൻപന്തിയിലാണ്) മറ്റു ചില സ്ഥലങ്ങളിലും കടന്നുപോയിട്ടുണ്ട്. പലതും വ്യക്തമായി ഓർമ്മിച്ചെടുക്കാൻ ഇപ്പോൾ കഴിയുന്നില്ല.

**15. ലാന്റ്‌വേ ന്യൂസിന്റെ വായനക്കാരോട് പറയുവാൻ എന്തെങ്കിലും നല്ല സന്ദേശങ്ങൾ ഉണ്ടോ?**

നിങ്ങൾ ചെയ്യുന്നത് നല്ല പ്രവർത്തി തന്നെയാണ്. എന്നെപോലുള്ള മനുഷ്യരെ മരിക്കുന്നതിന് മുമ്പ് ജനങ്ങളുടെ അറിവിലേക്ക് കാണിച്ചുകൊടുക്കുക എന്ന നല്ല ദൗത്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. പലരും ഒരാൾ മരിച്ച് കഴിയുമ്പോഴാണ് പുകഴ്ത്തുന്നത്. പക്ഷേ എന്നെയും എന്റെ പ്രവർത്തനത്തെയും പൊതുജനങ്ങളെ അറിയിക്കാൻ ഇതിന്റെ പ്രവർത്തകർ കാണിച്ച നല്ല മനസ്സിന് നന്ദി പറയന്നു.

ഒറീസയുടെ മണ്ണിൽ പുതിയ പ്രവർത്തനങ്ങൾ ചെയ്യുവാൻ സന്മനസ്സുള്ള നല്ലവരായ ദൈവമക്കളെ ഞങ്ങൾ ക്ഷണിക്കുകയാണ്. കേരളത്തിലും മറ്റുസ്ഥലങ്ങളിലും ഞങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാനും ചെറുതും വലുതുമായ സാമ്പത്തിക നന്മകളിൽ കൂടിയും ഈ പ്രവർത്തനത്തെ സഹായിക്കാൻ കഴിയും. ഈ വിധ കാര്യങ്ങളെക്കുറിച്ച് വ്യക്തമായി അറിയുവാനും ഞങ്ങളുമായി സംസാരിക്കുവാനുമായി വിളിക്കുക.

| ADDRESS | BANK DETAILS |
|---|---|
| Mr. Varghese Vettathu,<br>Vettathu Malayil,<br>Maramon P. O,<br>Thiruvalla (Via),<br>Pathanamthitta (Dist),<br>Ph: +91 994 678 7780 | A/C No. 0109051000006420,<br>South Indian Bank,<br>Pullad Branch,<br>Pathanamthitta (Dist),<br>IFSC: SIBL0000109 |


Looking unto Jesus, the author and finisher of our faith...

LOOKING UNTO JESUS WORSHIP CENTER ഒരുക്കുന്ന

ആരാധനയും വിടുതൽ ശുശ്രൂഷയും



എല്ലാ ഞായറാഴ്ചയും രാവിലെ 10:30 മുതൽ 1 മണി വരെയും
എല്ലാ വ്യാഴാഴ്ചയും രാവിലെ 10:30 മുതൽ 1 മണി വരെയും

YMCA ഹാൾ, ചെമ്മന്തൂർ, പുനലൂർ

(ധന്യ സൂപ്പർമാർക്കറ്റിന് സമീപം)

പാസ്റ്റർ ജോഷി വർഗ്ഗീസ് ശുശ്രൂഷിക്കുന്നു...

ടി. വി. പ്രോഗ്രാം സമയം:
CHANNEL LIVE
വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ രാത്രി 8:30 മുതൽ 9 മണി വരെ

തിരുവനന്തപുരം മീറ്റിംഗ്...

എല്ലാ ബുധനാഴ്ചയും
രാവിലെ 10:30 മുതൽ 1 മണി വരെ

AQUA ENGINEERS TOWER
സ്റ്റേറ്റ് ബാങ്കിന് മുകൾവശം, കവടിയാർ, തിരുവനന്തപുരം

ഏവർക്കും സ്വാഗതം

Prayer Line Number: +91 9605061422,
Office Number: +91 9744674066
www.lookinguntojesusministries.com


## ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| Frontside Half | 16,000/- | NIL |
| Full Page (Back) | 18,000/- | NIL |
| Half Page (Back) | 10,000/- | NIL |
| Quarter Page (Middle) | 6,000/- | NIL |
| 10 Cm X 3 Column | 5,000/- | 3,000/- |
| 10 Cm X 2 Column | 4,000/- | 2,000/- |
| 5 Cm X 2 Column | 2,000/- | 1,000/- |
| Minimum 5 cm X 1 Column - Rs. 750/- (BW) | | |
| Matrimonial - Rs 750/- for 4 Issues Rs. 2500/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.**

*Office Address*

LANDWAY NEWS,
Thumpamon P. O.,
Pathanamthitta (Dist),
Kerala State, India - 689502.

*Bank Details*

LANDWAY NEWS,
A/c. No. 0386073000000078,
South Indian Bank,
Thumpamon Branch,
IFSC: SIBL0000386,
SWIFT CODE: SOININ55.

## ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്‌വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

**Santhosh Pandalam,
A/C No: 14170100002307,
IFSC Code: FDRL0001417,
MICR Code: 689049476.**

**Federal Bank,
Pandalam Branch,
Pathanamthitta (Dist),
Kerala, India.**

LANDWAY NEWS
Published From Pathanamthitta
Volume No. 3, Issue No.11 | Pages 8 | Price: Rs. 10/-
10 NOVEMBER 2017
Thumpamon P. O.,
Pandalam, Pathanamthitta (Dist),
Kerala State, India - 689502,
Phone: +91-9447440441,
Email: landwaynews@gmail.com
WWW.LANDWAYNEWS.COM
RNI-KERBIL/2015/62054.
Postal Registration No.
KL/PTA/93/2015 - 2017.
WPP License Number:
KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/11/2017.

# വേദനിക്കുന്നവർക്ക് താങ്ങും തണലുമായി വർഗ്ഗീസ് വെട്ടത്ത് 82 ന്റെ നിറവിൽ



### ലാന്റ്വേ ന്യൂസിന്റെ മുഖാമുഖം പരിപാടിയിൽ വർഗ്ഗീസ് വെട്ടത്തും സന്തോഷ് പന്തളവും ഒത്തുചേർന്നപ്പോൾ...

**ഒറ്റനോട്ടത്തിൽ അൽപനേരം**

പ്രായത്തിന്റെ സാന്നിദ്ധ്യത്തെ തള്ളിമാറ്റി ചിരിയുടെ മുഖപ്രസന്നതയിൽ ആരോടും ഒട്ടും പരിഭവമോ പരാതിയോ ഇല്ലാതെ കഴിവിന്റെ പരമാവധി ദൈവവേലയിൽ സമയം ചെലവിടുന്ന വെട്ടത്ത് വർഗ്ഗീസ് അവറുകളെ പരിചയപ്പെടാൻ അവസരം ലഭിച്ചു. കാഴ്ചയിൽ വളരെ പ്രസന്നതയുള്ള മുഖവും ചുറുചുറുക്കു മുള്ള വ്യക്തിയാണ് എന്ന് എന്നിക്ക് മനസ്സിലായി. അൽപസമയ കുശലത്തിന് ശേഷം തന്റെ ജീവിതാനുഭവം തൂലികയിൽ പകർത്തുവാൻ ഞാൻ നിർബന്ധിതനായി. താൻ പ്രായത്തിന്റെ നില തെല്ലും കണക്കിടാതെ കാടുകളും മേടുകളും നഗരങ്ങളും അതിധൈര്യമായി ചവിട്ടി കയറുവാൻ മാൻപേടകൾക്ക് തുല്യമായ കാലുകളെ സുവിശേഷത്തിനായി സമർപ്പിച്ച വ്യക്തിയാണ് വർഗീസ് വെട്ടത്തേത്ത് എന്ന് എനിക്ക് മനസ്സിലായി.

ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തെക്കുറിച്ച് മറ്റുള്ളവർ ചുരുക്കമായിയെങ്കിലും അറിയണമെന്നുള്ള ആഗ്രഹത്താൽ എന്നോട് മനസ്സു തുറന്ന് സംസാരിക്കാൻ തുടങ്ങി. തുടർന്ന് അദ്ദേഹത്തിന്റെ വാക്കുകളിലേക്ക് എന്റെ തൂലിക ചലിക്കട്ടെ.

**1. താങ്കളുടെ ജനനം, വീട്ടുകാർ എന്നിവയെക്കുറിച്ച് ഞങ്ങൾക്ക് അറിയാൻ ആഗ്രഹമുണ്ട്. പറയാൻ കഴിയുമോ?**

1936 മാർച്ച് ഒന്നാം തീയതി പത്തനംതിട്ട ജില്ലയിലെ സുവിശേഷ നഗരമായി അറിയപ്പെടുന്ന മാരാമൻ വെട്ടത്തേത്ത് കെ. സി. വർഗ്ഗീസ്, ശോശാമ്മ ദമ്പതികളുടെ 8 മക്കളിൽ ഏഴാമത്തവനായി ഞാൻ ജനിച്ചു. എന്റെ പിതാവ് കെട്ടുവള്ളത്തിൽ ബിസിനസ് ചെയ്യുന്നവനായിരുന്നു. ഒന്നിലധികം കെട്ടുവള്ളം ഉണ്ടായിരുന്നതിനാൽ പമ്പയാറ്റിൽ കൂടി കോഴഞ്ചേരിയിൽ നിന്നും മലഞ്ചരക്ക് സാധനങ്ങളും മറ്റും വിൽപ്പനയ്ക്ക് വേണ്ടി ആലപ്പുഴയ്ക്ക് കൊണ്ടുപോയി വിറ്റിട്ട്, തിരിച്ച് വരുമ്പോൾ ഉപ്പ് ചാക്കുകൾ സ്ഥിരമായി കയറ്റിക്കൊണ്ടു വന്ന് കോഴഞ്ചേരിയിൽ കച്ചവടം നടത്തുകയും ചെയ്യുമായിരുന്നു. ഒരു ദിവസം തിരിച്ചു വരുന്ന വഴിക്ക് വള്ളം വെള്ളത്തിലെ ചുഴിയിൽ അകപ്പെട്ടു മരണം മാത്രം മുമ്പിൽ കണ്ടുകൊണ്ട് നിലവിളിക്കുമ്പോൾ തന്റെ കുടുംബത്തെയും മക്കളെയും ഓർത്തുകൊണ്ടു ദൈവത്തോട് പറഞ്ഞു. എന്നെ ജീവനോടെ കോഴഞ്ചേരിയിൽ കൊണ്ടെത്തിച്ചാൽ ഈ പണി ഞാൻ ഉപേക്ഷിച്ചു ഞാൻ അങ്ങനെ സേവിക്കും. പ്രാർത്ഥന കേൾക്കുന്ന ദൈവം വിടുവിച്ചു. എന്റെ പിതാവ് എടുത്ത തീരുമാനത്തിൽ ഉറച്ചുനിന്നു. മക്കൾ കൂടുതൽ ഉള്ളതിനാൽ കുടുംബത്തെ പോറ്റുവാൻ പ്രയാസമായിരുന്നുവെങ്കിലും ദൈവം തന്റെ കുടുംബത്തെ മാനിച്ചു. ദൈവത്തെ എത്ര വർണ്ണിച്ചാലും മതിവരികയില്ല.

**2. ബാല്യകാലവും വിദ്യാഭ്യാസവും എന്നോട് പറഞ്ഞുവെങ്കിൽ നല്ലതായിരുന്നു?**

തീർച്ചയായും പറയാം, കുറിയന്നൂർ എം.റ്റി.എൽ.പി.എസിൽ താൽക്കാലിക വിദ്യാഭ്യാസം പൂർത്തീകരിച്ചിട്ട് മാരാമണ്ണിലുള്ള എം.എം.എ ഹൈസ്കൂളിൽ തുടർവിദ്യാഭ്യാസം ചെയ്തു. എന്റെ വീട്ടിൽ 8 മക്കൾ ഉള്ളതുകൊണ്ട് സാമ്പത്തിക ബാദ്ധ്യത വളരെ പ്രയാസമായിരുന്നു. 3 കുട്ടികളെ എം.എൽ.എയിൽ പഠിപ്പിച്ചാൽ ഒരു കുട്ടിക്ക് ഫീസ് കുറച്ച് കൊടുക്കണമെന്ന അധികാരികളുടെ വാക്കിനാൽ ആണ് ആ സ്കൂളിൽ പഠിക്കാനായി കടന്നുപോയത്. വളരെ കഷ്ടപ്പാടോടെ ജീവിക്കുന്ന കാലമായതിനാൽ എന്റെ വീട് മണ്ണുകൊണ്ട് ഭിത്തിയും ഓല കൊണ്ടുള്ള വാതിലുമായിരുന്നു. മണ്ണെണ്ണ വെട്ടത്തിൽ പഠിക്കാൻപോലും കഴിയാത്ത ദിനങ്ങൾ ഇപ്പോഴും ഓർക്കുന്നു. ദൈവം നടത്തിയ വഴികൾ ഓർക്കുമ്പോൾ കണ്ണുനീർ ബാഷ്പങ്ങൾ മാത്രം.

**3. എപ്പോഴാണ് വടക്കേ ഇന്ത്യയിൽ പോയത്? അനുഭവം ഒന്നു വിവരിക്കാമോ?**

പത്താംതരം കഴിഞ്ഞ് ഇനി വീടിനെ പോറ്റണമെന്നുള്ള ചിന്ത ഭരിച്ചതിനാൽ വടക്കേ ഇന്ത്യയിൽ M.P സ്റ്റീൽ പ്ലാന്റിൽ (ബിലായി) ജോലി കിട്ടുമെന്നുള്ള പ്രതീക്ഷയോടെ വണ്ടികയറി. ദൈവം കരുണ തോന്നി അവിടെ ജോലിയിൽ പ്രവേശിപ്പിച്ചു. ദീർഘ 10 വർഷം അവിടെ ജോലി ചെയ്തു. അവിടുത്തെ ഭാഷ പഠിച്ചത് പിന്നെയുള്ള ഉയർച്ചയ്ക്ക് വളരെ ആശ്വാസമായിരുന്നു. ബിലായ് സ്റ്റീൽ പ്ലാന്റിൽ ഹെവി എർത്ത് മൂവിംഗ്സിൽ സൂപ്പർവൈസറായി ജോലി ചെയ്തു. കുടുംബത്തിന്റെ അൽപമായ ആശ്വാസം എന്നിൽകൂടി ദൈവം നിവർത്തിച്ചുകൊണ്ടിരുന്നു. എല്ലാം ദൈവത്തിന്റെ കരുണ മാത്രം എന്നേ പറയാ നുള്ളൂ.

**4. M.P യിൽ മറക്കാൻ പറ്റാത്ത ഏതെങ്കിലും വിഷയം ഉണ്ടോ?**

ഉണ്ട്, ഉണ്ട്, അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ധാരാളം വാഹനങ്ങൾ ഭിലായ് സ്റ്റീൽ പ്ലാന്റിൽ ഉണ്ടായിരുന്നു. അതിൽ ഒരു ജീപ്പ് ടെസ്റ്റ് ഡ്രൈവ് നടത്താനായി എന്നോട് ചുമതലപ്പെട്ടവർ പറഞ്ഞു. ആ ജീപ്പിന്റെ കുറവുകൾ ഉണ്ടോ എന്നറിയാൻ സ്പീഡിൽ വണ്ടി ഓടിച്ചുകൊണ്ട് പോകുമ്പോൾ സന്ധ്യാസമയത്ത് ഒരു സ്ത്രീ കുറുകെ ചാടി. മുമ്പിൽ പോയിട്ട് ജീപ്പിന്റെ വെളിച്ചം അവരുടെ കണ്ണിൽ തട്ടിയിട്ട് വീണ്ടും പുറകോട്ട് വന്നു. തൽക്ഷണം ജീപ്പ് അവരെ ഇടിച്ചു 3 പ്രാവശ്യം ജീപ്പ് മറിഞ്ഞു. അവർ തൽക്ഷണം മരിച്ചു. കേസ് കോടതിയിലായി അവിടെ എന്നെ സംരക്ഷിക്കാൻ ആരുമില്ല.

എന്റെ പേർക്ക് കൊലക്കുറ്റത്തിന് കോടതി കേസെടുത്തു. കോടതിയിൽ പ്രതിക്കൂട്ടിൽ എന്നെ കയറ്റിനിർത്തി ജഡ്ജി എന്നോട് ചോദിച്ചു നിന്റെ വക്കീൽ എവിടെ? ഞാൻ മറുപടി പറഞ്ഞു ഞാൻ ഒരു ക്രിസ്ത്യാനിയാണ്. എനിക്ക് വക്കീൽ മുകളിലാണ് ഉള്ളത് മറ്റാരും എനിക്കില്ലാ എന്നു പറയുകയുണ്ടായി. എന്നോട് ജഡ്ജി ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞുകൊണ്ടുനിൽക്കുമ്പോൾ പുറത്തുനിന്നും ഒരാൾ നേരെ കയറിവന്ന് ജഡ്ജിയുടെ മുമ്പിൽ നിന്നത് ഞാൻ കണ്ടു.

ജഡ്ജിയോട് ചോദിച്ചു. ഈ പയ്യനെ എന്തിനാണ് ഇവിടെ നിറുത്തിയിരിക്കുന്നത്? ജഡ്ജി പറഞ്ഞു ഇവൻ കൊലക്കുറ്റം ചെയ്തവനാണ്. വാഹനം ഇടിച്ച് ഒരു സ്ത്രീയെക്കൊന്നു. വീണ്ടും വന്നയാൾ ചോദിച്ചു മരിച്ചയാളിന്റെ പ്രായം എത്രയാണ്? 75 വയസ്സു ഈ പയ്യന് എത്രയാണ് പ്രായം? 26 ഇവനെ എന്തിന് ശിക്ഷിക്കണം ജീവിക്കാൻ ഇവനെ അനുവദിക്കുക.

ഇത്രയും പറഞ്ഞിട്ട് വന്ന വ്യക്തി പുറത്തേക്ക് നടന്നു നീങ്ങി. ഉടൻ ജഡ്ജി വിധി കല്പിച്ചു. 150 രൂപ കോടതി ചെലവിന് ഫീസ് കെട്ടിവച്ചിട്ട് പോയിക്കൊള്ളുക. നിന്നെ കോടതി വെറുതെ വിട്ടിരിക്കുന്നു. എന്റെ ന്യായ വിസ്താരത്തിൽ കയറിവന്ന വ്യക്തിയെ അതിനുമുമ്പും അതിനുശേഷവും ഇതുവരെ ഞാൻ കണ്ടിട്ടില്ല. ഇത്ര അധികാരത്തോടെ കോടതിക്കകത്ത് കടന്നുവന്ന് ജഡ്ജിയോട് സംസാരിക്കണമെങ്കിൽ ഞാൻ വിശ്വസിക്കുന്നു അത് മറ്റാരുമല്ല സർവ്വശക്തനായ ദൈവം തന്നെയാണ്.

**5. വിവാഹവും കുടുംബത്തെയും കുറിച്ച് വിശദീകരിച്ചാൽ നല്ലതായിരുന്നു?**


പത്തനംതിട്ട ജില്ലയിൽ ഏറതുമ്പമൺ എന്ന സ്ഥലത്ത് പുന്നക്കാട്ട് വീട്ടിൽ ഗീവർഗീസ് കുഞ്ഞമ്മ ദമ്പതികളുടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. സന്തോഷകരമായ ജീവിതത്തിൽ 3 പെൺമക്കളെയും 1 ആൺപൈതലിനെയും ദൈവം നൽകി. 4 പേരും വിദേശത്തായിരുന്നു. എല്ലാവരും ഇപ്പോൾ സന്തോഷത്തോടെ വിവിധയിടങ്ങളിൽ താമസിക്കുന്നു. മക്കൾ, മരുമക്കൾ 8 കൊച്ചുമക്കൾ എന്നിവരെ കാണാൻ ദൈവം അവസരം നൽകി. മക്കൾ: വിജി, ജിജി, ജിപ്സൺ, വിജ.

**6. വടക്കേ ഇന്ത്യയിൽ നിന്നും എങ്ങോട്ടായിരുന്നു പിന്നെയുള്ള യാത്ര?**

ബിലായ് സ്റ്റീൽ പ്ലാന്റിൽ നിന്നും സിംഗപ്പൂരിലേക്ക് പോകുവാനുള്ള ഒരു അവസരം ലഭിച്ചു. 2 വർഷം സിംഗപ്പൂർ 'ഡെക്കിയാടിൽ' ജോലി ചെയ്തു. ഈ സമയം എഞ്ചിനീയറിംഗ് പഠിക്കുന്ന വിദ്യാർത്ഥികളുടെ ബുക്ക് വാങ്ങി സിംഗപ്പൂരിൽ വച്ച് പഠിച്ച് ജയിച്ചു. ഞാൻ കപ്പലിൽ ജോലി ചെയ്യുമ്പോൾ എന്റെ അടുക്കൽ ജപ്പാൻകാരനായ ഒരു മനുഷ്യൻ എല്ലാ ദിവസവും എന്നെ കാണാൻ വരാറുണ്ട്. എന്റെ ജോലി അദ്ദേഹം ശ്രദ്ധിച്ചുകൊണ്ടുമിരുന്നു. അദ്ദേഹത്തിന് ഒരു കപ്പൽ സ്വന്തമായി ഉണ്ടായിരുന്നു. അതിൽ ജോലി ചെയ്യാമോയെന്ന് എന്നോട് ചോദിച്ചു.



ബോധവത്ക്കരണ – സുവിശേഷീകരണ യാത്രയ്ക്കിടയിൽ


മാതാപിതാക്കൾ കെ. സി. വർഗ്ഗീസ് & ശോശാമ്മ

ജപ്പാൻകാരന്റെ കപ്പലിൽ ഫിറ്ററായി 2 വർഷം ജോലി ചെയ്തു. വിദൂരങ്ങളിൽ പോകുന്ന കപ്പലുകൾക്ക് എണ്ണ എത്തിച്ചു കൊടുക്കുക (ഇന്ധനം) ഇതായിരുന്നു എന്റെ കപ്പലിലെ ജോലി. ഈ സമയം ശ്രീലങ്കക്കാരനായ ഒരു മനുഷ്യന് 3 കപ്പലുണ്ട്. അദ്ദേഹം എന്നോട് ചോദിച്ചു. ന്യൂസിലാന്റിൽ ഭക്ഷ്യസാധനങ്ങൾ കൊണ്ടുപോകുന്ന 'സീ ജോയിസ്' എന്ന കപ്പലിൽ ജോലിക്ക് വരാമോ?

ഞാൻ ഫിപ്ത്ത് എഞ്ചീനീയർ തസ്തികയിൽ അതിൽ ജോലിക്കായി കയറി. അടിക്കടിയുള്ള എന്റെ ഉയർച്ച വളരെ സന്തോഷം പകരുന്നതുമായിരുന്നു. ഈ സമയത്ത് ചില വർഷങ്ങൾ എന്റെ ഭാര്യയും സിംഗപ്പൂരിൽ ഉണ്ടായിരുന്നു.

**7. ആത്മീയത്തിൽ വരാനുള്ള കാരണം?**

'സീ ജോയിസ്' എന്ന കപ്പൽ ന്യൂസിലാന്റിൽ പോയികൊണ്ടിരിക്കുമ്പോൾ ന്യൂസിലാന്റിലെ അധികാരികളുടെ പരിശോധനയിൽ കപ്പലിന് വേണ്ടതായ രേഖകൾ ഇല്ലാത്തതിനാൽ ഒരു മാസത്തോളം ന്യൂസിലാന്റിൽ കപ്പൽ പിടിച്ചിട്ടു. ഈ സമയം അവിടുത്തെ വെള്ളക്കാർ ഞങ്ങളുടെ അടുക്കൽ കടന്നുവരികയും ഞങ്ങളെ പുറത്തുകൊണ്ടുപോയി അവരുമായി ഇടപഴകുകയും ചെയ്യുമായിരുന്നു. അങ്ങനെ അവർ സുവിശേഷത്തെക്കുറിച്ച് എന്നോട് പറഞ്ഞു. സ്നാനം സത്യമാണ് എന്ന് എന്നോട് തെളിയിച്ചപ്പോൾ ഞാൻ അവിടെ വച്ച് സ്നാനമേറ്റ് ദൈവകൽപന സ്വീകരിച്ചു.

**8. സിംഗപ്പൂരിലെ ജീവിതാനുഭവം പങ്കുവയ്ക്കാമോ?**

ന്യൂസിലാന്റിൽ നിന്നും കപ്പൽ വിട്ടു. തിരിച്ചു സിംഗപ്പൂരിൽ എത്തിയപ്പോഴാണ് അറിയുന്നത് സിംഗപ്പൂരിൽ കപ്പലിൽ ജോലിചെയ്യണമെങ്കിൽ അവിടുത്തെ പൗരന്മാരായിരിക്കണം. രജിസ്ട്രേർഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ ജോലി ചെയ്യാൻ കഴിയുകയുള്ളു. എനിക്ക് അങ്ങനെ സർട്ടിഫിക്കറ്റ് ഇല്ല. ഞാൻ അങ്ങനെ പഠിച്ചിട്ടുമില്ല. കേട്ടയുടൻ 'അയ്യോ ദൈവമേ എന്നു നിലവിളിച്ചു കരഞ്ഞു പ്രാർത്ഥിച്ചു'. സിംഗപ്പൂർ ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചതേയുള്ളൂ. ആർക്കും മാറ്റം വരുത്തുവാൻ കഴിയുകയുമില്ല. ദൈവം എനിക്ക് നൽകിയ ധൈര്യപ്രകാരം കപ്പലിന്റെ പ്രധാന ഓഫീസായ 'നെപ്ട്യൂൺ ഓറിയന്റൽ ലൈൻ' എന്ന സ്ഥാപനത്തിൽ കയറിച്ചെന്ന് അധികാരികളോട് സംസാരിച്ചു. ഉടനടി ദൈവപ്രവൃത്തി വെളിപ്പെട്ടു. അപ്പോൾ തന്നെ ജോലി ചെയ്യുവാനുള്ള അപ്പോയ്മെന്റ് ഓർഡർ വാങ്ങിച്ച് തിരിച്ച് പുറത്തു വന്നു. ഇത് എങ്ങനെ സംഭവിച്ചുവെന്ന് ചിന്തിക്കാൻ ഒരിക്കലും കഴിയുകയില്ല. ഇത് യഹോവയാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമാകുന്നു.

**9. കുവൈറ്റിലേക്കുള്ള കുടിയേറ്റം വിവരിക്കാൻ കഴിയുമോ?**

സിംഗപ്പൂരിലെ എണ്ണക്കപ്പലിലാണ് ജോലി ചെയ്തത് എന്നു പറഞ്ഞുവല്ലോ. എണ്ണ മിക്കവാറും എടുത്തിരുന്നത് കുവൈറ്റിൽ നിന്നുമായിരുന്നു. അങ്ങനെ കുവൈറ്റിലെ ചില പ്രമുഖരുമായി ബന്ധമുണ്ടായി, പെങ്ങളുടെ ഭർത്താവും കുവൈറ്റിൽ ഉണ്ടായിരുന്നു. അങ്ങനെയാണ് അവിടെ പോയത്. കുവൈറ്റ് യുദ്ധമുണ്ടാകുന്നത് വരെ അവിടെ ജോലിചെയ്തു അവിടെ ജോലി ചെയ്യുമ്പോൾ വൻതീപിടുത്തം കമ്പനിയിൽ സംഭവിച്ചു. എന്നോടൊപ്പമുണ്ടായിരുന്ന ഒരാൾ മരണമടഞ്ഞു. മാരകമായ പൊള്ളലോടെ ഞാൻ ആശുപത്രിയിൽ അഭയം പ്രാപിച്ചു. ആ കിടക്കയിൽ ഞാൻ തീരുമാനമെടുത്തു ഇനിയുള്ള ജീവിതം ദൈവം എനിക്ക് നൽകിയാൽ അത് കർത്താവിനായി മാത്രം. ഏറെക്കുറെ സൗഖ്യം പ്രാപിച്ചു. അത് ജീവിതത്തെ മാറ്റിമറിച്ചു. കർത്താവിന്റെ വേല ചെയ്യാൻ

(ശേഷം 7 -ാം പേജിൽ)

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.